നം.കെ.എസ്.എ.പി.റ്റി.എ.പി3/1094//2017 തീയ്യതി :10.10.2017

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 06.11.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.08.2017 മുതൽ 22.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ.റ്റി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) ശ്രീ.ബി. ഹരികുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി രവികല എബി | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.കെ..സി സുരേഷ്കുമാർ | 01.04.2016 മുതൽ 29.07.2016 വരെ |
| | ശ്രീ.ബി.ബിനുരാജ് | 30.07.2016 മുതൽ 20.12.2016വരെ<br><br>അസി.സെക്രട്ടറി (ഇൻ ചാർജ്ജ്) |
| | ശ്രീ.ഡി.ബാലചന്ദ്രൻ | 21.12.2016 മുതൽ 31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016 -17 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയ്യതി | 01.03.2016 |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയ്യതി | 25.03.2016 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയ്യതി | 25.03.2017 |

അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള വരവിനങ്ങളും പ്രതീക്ഷിത ചെലവുകളും സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് തുകകൾ കണക്കാക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ വിഭാവനം ചെയ്തിരുന്ന വരവ് തുകകളും യഥാർത്ഥത്തിലുള്ള വരവ് തുകകളും തമ്മിൽ വലിയ അന്തരമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 3000000 | 2594931 | -405069 |
| തൊഴിൽനികുതി | 1500000 | 977470 | -522530 |
| പരസ്യനികുതി | 100000 | 0 | -100000 |
| വാടക | 1050000 | 467076 | -582924 |
| ഡി ആന്റ് ഒ ലൈസൻസ് ഫീ | 200000 | 110900 | -89100 |
| പെർമിറ്റ് ഫീ | 150000 | 68597 | -81403 |
| ലേലം | 75000 | 211500 | 136500 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 21111851 | 5606661 | -15505190 |
| വരവ് | 83677000 | 46336026 | -37340974 |
| ആകെ | 104788851 | 51942687 | -52846164 |
| ചെലവ് | 96782700 | 44795664 | -51987036 |
| നീക്കിയിരിപ്പ് | 8006151 | 7147023 | -859128 |

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

- ആശ്രയ പദ്ധതി വിലയിരുത്തൽ നടത്തുന്നതിന് മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല.
- ആസ്തികളുടെ കണക്കെടുപ്പ് നടത്തി ആസ്തി രജിസ്റ്റർ കൃത്യമാക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.
- സ്യൂട്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

  കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്യൂട്ട് രജിസ്റ്ററിലെ എല്ലാ കോളങ്ങളും കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. തദ്ദേശ സ്ഥാപനത്തിന്റെ ഉപേക്ഷമൂലം കേസുകളിൽ പ്രതികൂല വിധിയുണ്ടായാൽ ആയതിന് സ്ഥാപന മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കുമെന്ന് 20.12.2016-ലെ സർക്കുലർ നം.1068103(3)ഡി.എ.2/2016/ത.സ്വ.ഭ.വ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-3 ദുരിതാശ്വാസനിധി നിർജ്ജീവം

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ ചട്ടം 3പ്രകാരം പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസനിധിയുടെ പ്രവർത്തനം തൃപ്തികരമല്ല. 2011-12നുശേഷം നാളിതുവരെ പ്രസ്തുത ഫണ്ടിൽനിന്ന് ആർക്കും സഹായം അനുവദിച്ചിട്ടില്ല.

ദുരിതാശ്വാസനിധിയിലെ തുക സൂക്ഷിക്കുന്നതിനായി സൌത്ത് മലബാർ ഗ്രാമീൺ ബാങ്കിലും വയ്യാറ്റുപുഴ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിലുമായി രണ്ട് അക്കൌണ്ടുകൾ നിലനിർത്തിപ്പോരുന്നു. രണ്ട് അക്കൗണ്ടുകളിലും നിലവിൽ ₹4979, ₹8282 വീതം തുകകൾ അവശേഷിക്കുന്നു. ഇവയിൽ ഒരെണ്ണം മാത്രം നിലനിർത്താവുന്നതാണ്.

ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണെന്ന് ചട്ടം 3ൽ പറഞ്ഞിരിക്കുന്നു. അപ്രകാരം ദുരിതാശ്വാസനിധിയിലേക്ക് ധനസമാഹരണം നടത്തി, അർഹരായവർക്ക് ധനസഹായം എത്തിക്കുന്നതിനു പഞ്ചായത്തുകമ്മറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-4 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 16.06.2017 |

## 1-5 വാർഷിക ധനകാര്യപത്രികയുടെ പരിശോധന

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനതകൾ ഉണ്ട്.

1. വസ്തു നികുതി സംബന്ധിച്ച് ഷെഡ്യൂൾ I-1 ൽ കാണിച്ചിരിക്കുന്ന ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയറിൽ നൽകിയിരിക്കുന്ന ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല.
2. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2014-15വർഷം നൽകിയ 4000രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. എന്നാൽ ടി തുക വാർഷിക ധനകാര്യ പത്രികയിൽ ഇല്ല.
3. സെക്രട്ടറിയുടെ പ്ലാൻ ഇംപ്ലിമെന്റേഷൻ അക്കൌണ്ടിൽ അവശേഷിക്കുന്ന ₹9616 നാളിതുവരെ കൺസോളിഡേറ്റഡ് ഫണ്ടിൽ

അടച്ചിട്ടില്ല.

4. B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളുടെ മൂല്യം കൃത്യമല്ല. ആസ്തികൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-6 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 5606661 |
| വരവ് | 46336026 |
| ആകെ | 51942687 |
| ചെലവ് | 44795664 |
| നീക്കിബാക്കി | 7147023 |

## 1-7 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ്* | ആകെ | *ചെലവ്* | *നീക്കിബാക്കി* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13445629 | 13445629 | 11750947 | 1694682 |
| എസ്.സി.പി | 0 | 5165475 | 5165475 | 3494717 | 1670758 |
| റ്റി.എസ്.പി | 0 | 2076402 | 2076402 | 1474163 | 602239 |
| സി.എഫ്. സി ഗ്രാന്റ് | 0 | 5812715 | 5812715 | 3045474 | 2767241 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6563073 | 6563073 | 2167476 | 4395597 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 3521595 | 3521595 | 2071273 | 1450322 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4285717 | 4285717 | 1961209 | 2324508 |

## 1-8 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 193 | 110 | 16 | 67 | 56.99 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 26 | 8009782 | 23 | 3982362 | 49.72 |
| സേവനം | 60 | 21348122 | 41 | 14271434 | 66.85 |
| പശ്ചാത്തലം | 107 | 36795281 | 46 | 10874383 | 29.55 |

## 1-9 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2298377 | 3799381 | 1501004 | 65.31 |
| നികുതിയേതര വരവുകൾ | 1852265 | 1916354 | 64089 | 3.46 |
| മറ്റ് വരവുകൾ | 42255 | 83330 | 41075 | 97.21 |
| ആകെ | 4192897 | 5799065 | 1606168 | 38.31 |

നികുതി, നികുതിയേതര വരുമാനത്തിൽ തൻവർഷം വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും വസ്തുനികുതിയിനത്തിൽ വൻതുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. കുടിശ്ശിക നികുതി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.08.2017-ന് 10.30 AM-ന് സ്ഥാപനത്തിലെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 11068രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 22.05.2017 | 02/2017 & 03/2017 | 14.07.2017 |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 18.10.2016 | 2011-12 മുതൽ 2015-16 വരെ | 28.12.2016 |

## 1-12 ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല

ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15 നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്ത് ഇക്കാര്യത്തിൽ ഉദാസീനത പുലർത്തുന്നു. ചിറ്റാർ ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 03.12.2016-ൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ടി റിപ്പോർട്ട് നാളിതുവരെ പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്യുകയോ മറുപടി തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയിട്ടും ഇപ്പോഴും പരിഹരിക്കപ്പെടാതെ കിടക്കുന്ന വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

- ഖരമാലിന്യം സംസ്കരണം
- മാർക്കറ്റിന്റെ ശോച്യാവസ്ഥ
- അനധികൃത ഇറച്ചി വ്യാപാരം
- വസ്തുനികുതി പരിഷ്കരണം
- വസ്തുനികുതി പിരിവിലെ കുറവ്
- പ്രോജക്ടുകളുടെ ബാഹുല്യം
- തെരുവുവിളക്കുകളുടെ പരിപാലനം
- കുടിവെള്ളക്കരം ഇനത്തിലെപാഴ്ച്ചെലവ് - സംയുക്ത പരിശോധന നടത്താതിരിക്കുന്നത്
- സ്തംഭനാവസ്ഥയിലായ പ്രോജക്ടുകൾ -ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം, ട്രഷറി കെട്ടിട നിർമ്മാണം

ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാനും മറുപടി തയ്യാറാക്കി അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ക്രീയാത്മക നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് താല്പര്യപ്പെടുന്നു.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപ്പഞ്ചായത്തിലെ വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല. നികുതി പരിഷ്കരണ നടപടികളുണ്ടായിട്ടും നികുതി പിരിവിൽ കാര്യമായ വർദ്ധനവില്ല. കുടിശ്ശിക ഡിമാന്റ് പിരിച്ചെടുക്കുന്നതിനും വേഗം പോര. 2016-17വർഷം പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് 47.77ലക്ഷം രൂപയാണ്. 2014-15 മുതലുള്ള നികുതി പിരിവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കുടിശ്ശിക | | | തൻവർഷം | | | ആകെ ഡിമാന്റ് | ആകെ കളക്ഷൻ | ആകെ ബാലൻസ് | പിരിവ് ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | | | | |
| 2014-15 | 2178723 | 854442 | 1324281 | 2612966 | 1185023 | 1427943 | 4791689 | 2039465 | 2752224 | 42.56 |
| 2015-16 | 2752224 | 696085 | 2056139 | 3215885 | 559834 | 2656051 | 5968109 | 1255919 | 4712190 | 21.28 |
| 2016-17 | 4712190 | 135764 | 4576426 | 4624513 | 1483163 | 3141350 | 9336703 | 1618927 | 7717776 | 22.1 |

എഴുപത്തിയേഴ് ലക്ഷം രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് ഗ്രാമപ്പഞ്ചായത്തിന്റെ നികുതി പിരിവിലെ കെടുകാര്യസ്ഥതയെ സൂചിപ്പിക്കുന്നു. നികുതി കാലഹരണപ്പെട്ടുപോകുന്നപക്ഷം ആയതിന് ഉത്തരവാദികൾ സെക്രട്ടറിയും ചുമതലപ്പെട്ട സെക്ഷൻ ക്ലാർക്കും ആയിരിക്കുമെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

(a) വസ്തുനികുതി പരിഷ്കരണം

ഗ്രാമപഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൽ ആകെയുള്ള 5892 കെട്ടിടങ്ങളിൽ 5832എണ്ണത്തിന്റെ ഫോം 6ഡേറ്റാ എൻട്രി പൂർത്തിയായിട്ടുണ്ട്.

1-4-2013 മുതൽ പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ 16-12-2015-ലെ സ.ഉ.(എം.എസ്)നം. 358/15/ത.സ്വ.ഭ.വ. ആയി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് 'സഞ്ചയ' സോഫ്റ്റ് വെയറിന്റെ ഡാറ്റാബേസിലുള്ള വിവരങ്ങൾക്ക് ആവശ്യമായ മാറ്റം അടിയന്തിരമായി വരുത്തണമെന്നും നികുതി നിർണ്ണയ നടപടികൾ 2015 ഡിസംബർ 31-നകം പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല. കെട്ടിട നികുതി ഡിമാന്റ് പൂർത്തീകരിക്കാത്തത് മൂലം കുടിശ്ശിക ഡിമാന്റ്, കളക്ഷൻ പോസ്റ്റിംഗ് മുതലായവയും പാതിവഴിയിലാണ്. വസ്തുനികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും നികുതി പിരിവ് ഊർജ്ജിതമാക്കി തനത് വരുമാനം കൂട്ടേണ്ടതുമാണ്.

## 2-2 എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലേയും ജിവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്വകാര്യ സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ടെങ്കിലും. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽനിന്ന് തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | II/77A | ട്രിനിറ്റി എൻജിനിയറിംഗ് വർക്സ് | 2 |
| 2 | II/509 | ഇടിമണ്ണിക്കൽ ഫാഷൻ ജുവലറി | 3 |
| 3 | II/542 | മുത്തൂറ്റ് ഹോണ്ട | 3 |

| | | | |
|---|---|---|---|
| 4 | IV/600 & 601 | 4ഹോംസ് ട്രേഡിംഗ് | 3 |
| 5 | XI/378 | ശിവശക്തി എന്റർപ്രൈസസ് | 5 |
| 6 | III/455 | വെള്ളത്തറയിൽ ഫ്യൂവൽസ് | 5 |

പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതും ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാസ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ. (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5-ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നതിലൂടെ നികുതി പരിധിയിൽ നിന്നും ആരും ഒഴിവായിട്ടില്ല എന്നും ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവുണ്ടായിട്ടില്ലെന്നും ഉറപ്പ വരുത്താൻകഴിയും.

## 2-3 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ രസീത് ബുക്കുകൾ തിരികെ വാങ്ങി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി നിർവ്വഹണ സമയത്ത് ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിനായി വിതരണം ചെയ്യുന്ന രസീത് ബുക്കുകൾ സാമ്പത്തികവർഷം അവസാനിക്കുന്ന മുറയ്ക്ക് തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. 2016മാർച്ച് മുതൽ ഇപ്രകാരം നൽകിയതും നാളിതുവരെ തിരികെ ലഭിച്ചിട്ടില്ലാത്തതുമായ രസീത് ബുക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നമ്പർ | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | കൈപ്പറ്റിയ തീയതി |
|---|---|---|
| 43884 to 43890 | കൃഷി ഓഫീസർ | 22.03.2016 |
| 11301 to 11304 | വെറ്ററിനറി സർജൻ | 13.01.2017 |
| 11305 | അസിസ്റ്റന്റ് സെക്രട്ടറി | 21.01.2017 |
| 11306 | കൃഷി ഓഫീസർ | 30.01.2017 |
| 11307 & 11308 | വെറ്ററിനറി സർജൻ | 06.02.2017 |
| 11309 & 11310 | വെറ്ററിനറി സർജൻ | 08.02.2017 |
| 11311 | അസി.എഞ്ചിനീയർ | 08.02.2017 |
| 11312 | ഹെഡ്മാസ്റ്റർ | 08.02.2017 |
| 11313 & 11314 | വെറ്ററിനറി സർജൻ | 13.02.2017 |
| 11315 & 11461 | വെറ്ററിനറി സർജൻ | 20.03.2017 |
| 11462 | കൃഷി ഓഫീസർ | 24.03.2017 |
| 11463 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 27.03.2017 |

ഒരു സാമ്പത്തിക വർഷം ഉപയോഗിച്ച രസീത് ബുക്കിലെ അവശേഷിക്കുന്ന രസീതുകൾ വർഷാവസാനം ക്യാൻസൽ ചെയ്യേണ്ടതും, ഇവ അടുത്ത സാമ്പത്തിക വർഷം ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്. ഈ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

## 2-4 സാമ്പത്തിക വർഷം മുഴുവൻ കാലയളവുള്ള അനുമതി പത്രങ്ങൾ ഹാജരാക്കാത്ത ക്വാറിക്ക് ലൈസൻസ് നൽകി

2016-17 സാമ്പത്തിക വർഷം ഡെൽറ്റ അഗ്രിഗേറ്റ്സ് & സാന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ക്വാറിക്ക് ഡി.&ഒ. ലൈസൻസ് നൽകിയതിന്റെ അപേക്ഷകളും ഫയലും പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകത ശ്രദ്ധയിൽപ്പെട്ടു.

വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന് 06.07.2016 വരെ മാത്രം നിരാക്ഷേപപത്രം ലഭിച്ചിട്ടുള്ള പ്രസ്തുത സ്ഥാപനത്തിന് സാമ്പത്തിക വർഷം പൂർണ്ണമായും പ്രവർത്തിക്കാൻ ലൈസൻസ് നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമ | സ്ഥാപനം | അനുമതി പത്രത്തിന്റെ കാലയളവ് | | ലൈസൻസ് നൽകിയ തീയതി |
|---|---|---|---|---|
| തോമസ് ഫിലിപ്പ് | ഡെൽറ്റ അഗ്രിഗേറ്റ്സ് & സാന്റ് പ്രൈ. ലി. | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം<br>CONSENT NO. QCO/PTA/102/R1/2016, DATED 20.10.2015 | 06.07.2016 വരെ | 01.04.2016 |
| | | ക്വാറിയിങ്ങ് പെർമിറ്റ് (മൈനിംഗ് ആന്റ് ജിയോളജി) നം.05/2015-16/MM/GBS/QP/1393/DOPTA/M/15, DATED 17.11.2015 | 06.07.2016 വരെ | 01.04.2016 |

സാമ്പത്തിക വർഷം പൂർണ്ണമായും സാധുതയുള്ള നിരാക്ഷേപ പത്രങ്ങൾ സമർപ്പിക്കാത്ത സ്ഥാപനത്തിന് സാമ്പത്തിക വർഷം മുഴുവനായി കാലാവധിയുള്ള ലൈസൻസ് നൽകിയതിന്റെ കാരണം വ്യക്തമല്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ CONSENT NO.QCO/PTA/102/R2/2016 DATED 08.08.2016 പ്രകാരവും, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ 09/2016-17/MM/GBS/QP/1175 /DOPTA/M/16 DATED 24.06.2016 പ്രകാരവും പ്രസ്തുത സ്ഥാപനത്തിന് 23.10.2016വരെ പ്രവർത്തന അനുമതി ലഭിച്ചിട്ടുണ്ട്. ടി കാലയളവിനുശേഷം നിരാക്ഷേപപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന നിർദ്ദേശിച്ച് 21.08.2017-ൽ നൽകിയ 26-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കാനിടയുള്ള സാഹചര്യത്തിൽ ഈ സ്ഥാപനത്തിന് അവശ്യം വേണ്ട സർട്ടിഫിക്കറ്റുകളില്ലാതെ പ്രവർത്തനാനുമതി നല്കിയ പഞ്ചായത്തിന്റെ നടപടി ഗുരുതരമായ ചട്ടലംഘനമാണ്. ലൈസൻസ് വിതരണവുമായി ബന്ധപ്പെട്ട് തികഞ്ഞ ഉദാസീനതയാണ് അധികൃതരുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ളത്. മേൽപ്പറഞ്ഞ സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആവശ്യമായ രേഖകൾ സഹിതമാണെന്നും ഉറപ്പുവരുത്തേണ്ടതും അല്ലാത്ത പക്ഷം അടിയന്തിരമായി അപാകതകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേലിൽ ഡി.&ഒ. ലൈസൻസ് വിതരണം ചെയ്യുമ്പോൾ അനുമതി പത്രങ്ങളുടെ കാലാവധി വരെ മാത്രമായി ലൈസൻസ് കാലാവധി പരിമിതപ്പെടുത്തേണ്ടതുമാണ്.

## 2-5 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കാതെ ഹാച്ചറി/ഫാം നടത്തി വരുന്നു

ഗ്രാമ പഞ്ചായത്ത് പരിധിയിൽ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ്) ചട്ടങ്ങൾ-2012 പ്രകാരം ലൈസൻസ് എടുക്കാതെ ചുവടെ ചേർക്കുന്ന വ്യക്തികൾ ഹാച്ചറി/ഫാം നടത്തി വരുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ വിലാസം | ഇനം | റിമാർക്സ് |
|---|---|---|---|---|
| 1 | IX/191 | ശ്രീ.വി.പി.ഹബീബ്, വാഴപ്പറമ്പിൽ, വയ്യാറ്റുപുഴ | പൗൾട്രി | ടി വ്യക്തി ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ട്. |
| 2 | XII/968 | ശ്രീമതി.ജയശ്രീ സന്തോഷ്, പുറമൺവീട്, കാരിക്കയം.പി.ഒ | -ടി- | -ടി- |
| 3 | -- | ശ്രീ.വിനോദ് ആർ, രാമൻചിറ, ചിറ്റാർ | -ടി- | ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല |

മേൽപട്ടികയിലെ വ്യക്തികൾ ഒരു സാധാരണ സ്ഥാപനം തുടങ്ങുന്നതിനുള്ള മാതൃകയിൽ ഡി. &ഒ. ലൈസൻസിനുള്ള അപേക്ഷ മാത്രമാണ് നല്കിയിട്ടുള്ളത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മത പത്രം ഇല്ലാതെയാണ് ലൈസൻസ് നല്കിയിട്ടുള്ളത്. ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടം 6-ൽ, മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ ജില്ലാ മെഡിക്കൽ ഓഫീസറുടെയോ അനുമതി ഇത്തരം സ്ഥാപനങ്ങൾക്കുണ്ടാകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചട്ടങ്ങൾക്കു വിരുദ്ധമായി ഇത്തരം നിരവധി ഫാം/ഹാച്ചറികൾ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ വെറ്റിനറി സർജ്ജൻ ഇക്കാര്യം പരിശോധിയ്ക്കുകയോ ഈ വിവരം ഗ്രാമപഞ്ചായത്തിലും മേൽ അധികാരികൾക്കും റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. ഗുരുതരമായ കൃത്യവിലോപമാണ്

വെറ്റിനറി സർജ്ജന്റെ ഭാഗത്തു നിന്നു ഉണ്ടായിട്ടുള്ളത്. ഈ ഫാമുകളെ ചട്ട പ്രകാരം ഉള്ള ലൈസൻസ് പരിധിയിൽ കൊണ്ടു വരികയോ അല്ലാത്ത പക്ഷം ഇവയുടെ പ്രവർത്തനം നിർത്തി വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 2-6 ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ ഇല്ലാതെ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 270, 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപ്പഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല. വകുപ്പ് 270 A, ചട്ടം നമ്പർ 8 എന്നിവ പ്രകാരം ഇത് ലംഘിക്കുന്ന ഏതൊരാൾക്കും മേൽ 5000 രൂപ വരെ ആകാവുന്ന പിഴശിക്ഷയും കുറ്റം തുടരുന്ന ഒരോ ദിവസത്തിനും 500രൂപ വരെ ആകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. എന്നാൽ ചുവടെ പറയുന്ന സ്വകാര്യ ആശുപത്രികൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

- ശാന്തി ക്ലിനിക്കൽ ലബോറട്ടറി - ഉടമ ശ്രീമതി ആമിന ബഷീർ
- സുശ്രുത ആയുർവേദ ഡിസ്പെൻസറി - ഉടമ ഡോ. ലക്ഷ്മി ദിവാകർ

മേൽ പറഞ്ഞിരിക്കുന്ന സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ഡി.&ഒ. ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും അപേക്ഷകളോടൊപ്പം ബയോ മെഡിക്കൽ വേസ്റ്റ് കാര്യക്ഷമമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ്/സമ്മതപത്രം ഹാജരാക്കിയിട്ടില്ല.

1998-ലെ ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡിലിംഗ്) ചട്ടങ്ങൾ പ്രകാരം ബയോ മെഡിക്കൽ വേസ്റ്റ് കാര്യക്ഷമമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ്/സമ്മതപത്രം ഉള്ള സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് മാത്രമേ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തനാനുമതി നൽകാൻ പാടുള്ളുവെന്ന് സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ 13.03.2012-ലെ G.O.(M.S.)04/2012/Envt. നമ്പർ ഉത്തരവ്, 17.05.2014-ലെ G.O.(M.S.)05/2014/Envt. നമ്പർ ഉത്തരവ്, 05/11/2012-ലെ എൻവയൺമെന്റ് (ബി) ഡിപ്പാർട്ട്മെന്റിന്റെ 3781/ബി2 /2011/എൻവയൺമെന്റ് നമ്പർ സർക്കുലർ, 09/12/2011-ലെ എൽ. എസ്.ജി.(ഡി.സി) ഡിപ്പാർട്ട്മെന്റിന്റെ 47724/ഡി.സി.1 /2011/ത.സ്വ.ഭ.വ നമ്പർ സർക്കുലർ എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗ്രാമപ്പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരി ക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.എസ്.എ. പദ്ധതിപ്പണം നിർവ്വഹണ ഉദ്യോഗസ്ഥൻ അപഹരിച്ചു

എസ്.എസ്.എ. വിഹിതം നൽകുന്നതിനായി ട്രഷറിയിൽനിന്നും പിൻ വലിച്ച 200000 ലക്ഷം രൂപയിൽ 199000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ കുത്താട്ടുകുളം ഗവ.എൽ.പി.എസ്. ഹെഡ്മാസ്റ്റർ അപഹരിച്ചു.

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.52/17 പ്രകാരം എസ്.എസ്.എ. വിഹിതം നൽകുന്നതിനായി പട്ടികജാതി വികസന ഫണ്ടിൽനിന്നും 200000 ലക്ഷം രൂപ വകയിരുത്തിയാണ് പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങികയത്. പദ്ധതിയുടെ ഭാഗമായി 09.12.16-ൽ 1/16-17 നമ്പർ ബിൽ പ്രകാരം 2 ലക്ഷം രൂപ ട്രഷറിയിൽ പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ഗ്രാമീൺ ബാങ്കിലുള്ള പ്ലാൻ ഇംപ്ലിമെന്റേഷൻ അക്കൗണ്ടിൽ നിക്ഷേപിച്ചു. ടി തുക ക്രമപ്രകാരം എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് നൽകുന്നതിന് പകരം 199000 രൂപ തുടർന്നുള്ള വിവിധ തീയതികളിലായി അക്കൗണ്ടിൽനിന്നും പിൻവലിച്ച് പണാപഹരണം നടത്തിയതായി ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. ആയതിനെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| തീയതി | പിൻവലിച്ച തുക |
|---|---|
| 23.12.16 | 24000 |
| 05.01.17 | 20000 |
| 10.01.17 | 20000 |
| 16.01.17 | 24000 |
| 30.01.17 | 24000 |
| 30.01.17 | 24000 |

| | |
|---|---|
| 07.02.17 | 24000 |
| 09.02.17 | 30000 |
| 14.02.17 | 9000 |
| ആകെ | 199000 |

ക്രമക്കേടിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.44/22.08.17) നിർവ്വഹണ ഉദ്യോഗസ്ഥൻ യഥാസമയം മറുപടി ലഭ്യമാക്കുകയുണ്ടായില്ല. 14.02.2017-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം ലഭ്യമാക്കിയ വിശദീകരണത്തിൽ S.S.A. വിഹിതമായി ഗ്രാമപഞ്ചായത്തിൽനിന്നും ലഭിച്ച തുക അടച്ചിരുന്നില്ലെന്നും പിന്നീട് തുക മൊത്തമായും S.S.A-യ്ക്ക് അടച്ച് ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ വിശദീകരണം അനുബന്ധമായി ചേർത്തിട്ടുണ്ട് (അനുബന്ധം - 5). ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് തെളിവായി ഹാജരാക്കിയിട്ടുള്ളത് (സാക്ഷ്യപ്പെടുത്താത്ത പകർപ്പ്) പരിശോധിച്ചതിൽ 31.08.2017-ൽ 199500 രൂപ തിരിച്ച് അടച്ചതായും അന്നേ ദിവസം തന്നെ അക്കൗണ്ടിൽനിന്നും 2 ലക്ഷം രൂപ ട്രാൻസ്ഫർ (RTGS) ചെയ്തിട്ടുള്ളതായും വ്യക്തമായി. തുക ഏത് അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. തുക S.S.A-യ്ക്ക് ഒടുക്കിയതിന്റെ ഔദ്യോഗിക രസീതി ലഭ്യമാക്കിയെങ്കിൽ മാത്രമേ തുക S.S.A. അക്കൗണ്ടിലേക്കുതന്നെയാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതെന്ന് ഉറപ്പാക്കാനാവൂ.

09.12.16-ൽ ട്രഷറിയിൽനിന്നും മാറി S.S.A. അക്കൗണ്ടിൽ ഒടുക്കിയ തുക അപ്രകാരം ചെയ്യാതെ പലപ്പോഴായി അക്കൗണ്ടിൽനിന്നും പിൻവലിച്ച് അപഹരണം നടത്തുകയും, ക്രമക്കേട് ഓഡിറ്റിൽ വെളിപ്പെട്ടതിനെ തുടർന്ന് 31.08.2017-ൽ അക്കൗണ്ടിൽ തിരിച്ചടച്ച് പ്രശ്നം പരിഹരിക്കുന്നതിന് ശ്രമംനടത്തുകയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളത്.

സർക്കാർ പണത്തിന്റെ അപഹരണം ഗൗരവം അർഹിക്കുന്ന കുറ്റകൃത്യമാണ്. ക്രമക്കേട് നടത്തിയ ഗുത്താട്ടുകളം ഗവ.എൽ.പി.എസ്. ഹെഡ്മാസ്റ്റർക്കെതിരെ കർശനമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും പൊതു ഖജനാവിന് ഈ ഇനത്തിലുണ്ടായ നഷ്ടം (09.12.2016 മുതൽ 31.08.2017 വരെയുള്ള പലിശ) ടിയാനിൽനിന്നും ഈടാക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. പദ്ധതിയുടെ ഭാഗമായി ട്രഷറിയിൽനിന്നും പിൻവലിച്ച 2 ലക്ഷം രൂപ തടസ്സത്തിൽവയ്ക്കുന്നു.

*ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം പ്രത്യേക കത്ത് മുഖാന്തിരം (നം.കെ.എസ്.എ.ഡി.പി.റ്റി.എ.പി3/1125/17, തീ. 22.08.2017) ക്രമക്കേട് കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.*

## 3-2 അസി.എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച – 2.60 കോടി രൂപ അടങ്കലുള്ള 67 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്ന കാര്യത്തിൽ നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസി.എഞ്ചിനീയർ ഗുരുതര വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 3.42 കോടി രൂപ അടങ്കലുണ്ടായിരുന്ന 93 പ്രവൃത്തികളിൽ കേവലം 26 എണ്ണം മാത്രമാണ് നടപ്പിലാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മരാമത്ത് പ്രവൃത്തികളുടെ എണ്ണം | | ആകെ അടങ്കൽ | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം | | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| | സ്പിൽ ഓവർ | പുതിയത് | | സ്പിൽ ഓവർ | പുതിയത് | | |
| 2016-17 | 21 | 72 | 34251363 | 11 | 15 | 6844281 | 19.98 |

കേരളത്തിലെ വികസന സങ്കല്പത്തിൽ മരാമത്ത് പണികൾക്ക് താരതമ്യേന ഉയർന്ന പരിഗണനയാണ് നൽകുന്നത്. എല്ലാ വികസന പ്രവർത്തനങ്ങൾക്കും കൂടി നാട്ടിൽ ചെലവഴിക്കുന്ന തുകയുടെ ഗണ്യമായ ഭാഗവും ചെലവഴിക്കുന്നത് നിർമ്മാണ മേഖലയിലാണ്. ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ മൊത്തം പദ്ധതി അടങ്കലിന്റെ 52 ശതമാനവും വകയിരുത്തിയിരുന്നത് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനുവേണ്ടിയായിരുന്നു. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ നിർമ്മാണ പ്രവർത്തികൾക്കുള്ള പ്രാധാന്യം ഉൾകൊണ്ട് ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനും അസി.എഞ്ചിനീയർ ഗുരുതര വീഴ്ചയാണ് വരുത്തിയിട്ടുള്ളത്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ അതത് സാമ്പത്തിക വർഷം മാർച്ച് 31-നകം പൂർത്തിയാക്കി ഫണ്ട് ചെലവഴിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതെ പദ്ധതി തയ്യാറാക്കിയതിലൂടെ ജനങ്ങൾക്ക് നല്കിയ വാഗ്ദാനം പഞ്ചായത്ത് ലംഘിക്കുകയും വികസനാവശ്യത്തിന് ചെലവഴിക്കാമായിരുന്ന സർക്കാർ ഗ്രാന്റ് പാഴാക്കുകയും ചെയ്തു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള വീഴ്ച പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സമാനമായ വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരി ക്കുന്നതിന് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 3-3 ചെലവ് വൗച്ചറുകളുടെ പരിശോധന - ചെലവ് തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന ചെലവുകൾ അതിനെതിരെ പറയുന്ന കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ/വിശദീകരണം ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നം., തീ. | തുക | ചലവിന്റെ വിവരം | തടസ്സപ്പെടുത്തുന്നതിന് കാരണം |
|---|---|---|---|---|
| 1 | 51600083 03.05.16 | 2100 | മഴക്കാല പൂർവ്വശുചീകരണം - മാലിന്യം നീക്കം ചെയ്യുന്നതിന് മസ്റ്റർ റോൾ പ്രകാരം ശ്രീ തങ്കച്ചൻ എന്നയാളിന് നൽകിയത് | കമ്മിറ്റി തീരുമാനം ഇല്ല - മസ്റ്റർ റോൾ പ്രകാരം ചെലവ് 1400 രൂപ മാത്രം |
| 2 | 51600084 03.05.16 | 2100 | മഴക്കാല പൂർവ്വശുചീകരണം - മാലിന്യം നീക്കം ചെയ്യുന്നതിന് മസ്റ്റർ റോൾ പ്രകാരം ശ്രീ ആന്റോ എന്നയാളിന് നൽകിയത് | കമ്മിറ്റി തീരുമാനം ഇല്ല - മസ്റ്റർ റോൾ പ്രകാരം ചെലവ് 1400 രൂപ മാത്രം |
| 3 | 51600116 31.05.16 | 130000 | മഴക്കാല പൂർവ്വ ശുചീകരണം 2015-16 - വാർഡ് തല ശുചീകരണത്തിനായി ജില്ലാ ശുചിത്വ മിഷനിൽനിന്നും അനുവദിച്ച തുക മെഡിക്കൽ ഓഫീസർക്ക് നൽകിയത് | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഇല്ല. ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 4 | 51600204 02.07.16 | 4200 | മാർക്കറ്റ് മുതൽ പഞ്ചായത്ത് പടിവരെ ഓട വൃത്തിയാക്കിയതിന് മസ്റ്റർ റോൾ പ്രകാരം ചെലവ് | ചെലവ് അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം ഇല്ല |
| 5 | 51600211 07.07.16 | 14350 | തെരുവ് വിളക്കുകളുടെ തകരാർ പരിഹരിച്ചതിന് - സാധനവിലയും, പണിക്കൂലിയും നൽകിയത് - ശ്രീ മാത്യു സൈമൺ, സൈമൺ ഇലക്ട്രിക്കൽസ് | ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ചെലവ് അനുവാദം ഇല്ല |
| 6 | 516002127.7.16 | 2000 | മൺപിലാവ് ഗവ.എൽ.പി.എസ്-ന് ഭീഷണിയായി നിന്ന ആഞ്ഞിലി മരത്തിന്റെ ശിഖിരങ്ങൾ മുറിച്ച് മാറ്റിയ ചെലവ് - ശ്രീ വിഷ്ണുപ്രസാദ് | വിറക് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല |
| 7 | 51600234 20.07.16 | 11216 | പഞ്ചായത്ത് ലൈബ്രറിയുടെ 6/16 വരെ കാലയളവിലെ വാട്ടർ ചാർജ്ജ് (കൺ.നം.217) | ഉപഭോഗം കാണിക്കുന്ന ബില്ലില്ല. എന്നുമുതലുള്ള തുകയാണ് ഒടുക്കിയത് എന്ന് വ്യക്തമല്ല. |
| 8 | 51600240 22.07.16 | 10493 | സ്റ്റേഷനറി വാങ്ങിയ ചെലവ് - ഗോൾഡൻ പ്രസ്സ്, പത്തനംതിട്ട | ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. സ്റ്റോക്കിൽ ചേർത്തിട്ടില്ല |
| 9 | 319/16 25.08.16 | 4000 | ചിറ്റാർ എസ്റ്റേറ്റ് GLPS സ്കൂളിന് മുകളിലേക്ക് നിന്ന വൃക്ഷത്തിന്റെ കൊമ്പുകൾ മുറിച്ച് മാറ്റിയതിന് ചെലവായ തുക - ജോസഫ് ആന്റണി, പഴയമഠത്തിൽ | മരം മുറിച്ചപ്പോൾ ലഭിച്ച വിറകിന്റെ വിനിയോഗ വിവരം ഇല്ല |
| 10 | 426/16 05.10.16 | 6400 | സ്റ്റേഷനറി വാങ്ങിയത് - ഗോൾഡൻ പേപ്പർ മാർട്ട് | സ്റ്റോക്കിൽ എടുത്തിട്ടില്ല. ക്വട്ടേഷൻ ക്ഷണിച്ചല്ല വാങ്ങൽ നടത്തിയിട്ടുള്ളത്. |
| 11 | 432/16 05.10.16 | 25337 | 2016-17 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് കരട് പദ്ധതി രേഖ, നോട്ടീസ് എന്നിവ പ്രിന്റ് ചെയ്തതിന് കുന്നത്ത് പ്രിന്റേഴ്സ്, ചിറ്റാറിന് നൽകിയത് | ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. സ്റ്റോക്ക്, വിതരണ വിവരം ഇല്ല. |
| 12 | 445/16 | 4762 | വൈസ് പ്രസിഡന്റിന്റെ 3/2016 മുതൽ 9/2016 വരെ കാലയളവിലെ യാത്രാപ്പടി | ടൂർ ഡയറി ഹാജരാക്കിയിട്ടില്ല. യാത്ര കമ്മിറ്റി അംഗീകരിച്ചതിന് |

| | | | | |
|---|---|---|---|---|
| | 20.10.16 | | ബിൽ | രേഖയില്ല |
| 13 | 476/16<br>01.11.16 | 9900 | ശബരിമല ഇടത്താവളം മൃഗാശുപത്രി കെട്ടിടം പരിസരം കാടുതെളിച്ചതിന് മസ്റ്റർ റോൾ പ്രകാരം ചെലവ് | കമ്മിറ്റി തീരുമാനം ഇല്ല |
| 14 | 484/16<br>01.11.16 | 26000 | പഞ്ചായത്ത് വക കെ.എൽ.3പി.9059 നമ്പർ വാഹനത്തിന് പുതിയതായി 4 ടയറുകൾ വാങ്ങിയതിന് ചെലവായ തുക - Shama Tyre Centre, Pathanamthitta | Essentiality Certificate ലഭ്യമാക്കിയിട്ടില്ല. ക്വട്ടേഷൻ കമ്മിറ്റി അംഗീകരിച്ചതിന് രേഖയില്ല്ല |
| 15 | 495/16<br>08.11.16 | 10000 | ചിറ്റാർ മാർക്കറ്റിലെ മാലിന്യം ശേഖരിച്ച് നശിപ്പിച്ചതിന് ബഷീർ, പുത്തൻവീട്ടിൽ, ചിറ്റാർ എന്ന വ്യക്തിക്ക് നൽകിയത് | ചെലവ് അനുമതി നൽകിയ കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. |
| 16 | 515/16 | 6000 | ഗ്രാമസഭ നടത്തിപ്പിന് മൈക്ക് അനൗൺസ്മെന്റ് - ശ്രീ രാജേഷ്, RK സൗണ്ട്സ്, ചിറ്റാർ | ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ചെലവ് അംഗീകാരം വാങ്ങിയിട്ടില്ല. |
| 17 | 596/16<br>16.12.16 | 34451 | വ്യക്തിഗത ഗുണഭോക്തൃ അപേക്ഷാഫോറം, ഗ്രാമസഭാ നോട്ടീസ്, അന്തിമ പദ്ധതി രേഖ, എന്നിവ പ്രിന്റ് ചെയ്തതിന് പുന്നൂസ് കെ.പി., കുന്നത്ത് പ്രിന്റേഴ്സ്, ചിറ്റാറിന് നൽകിയത് | ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ചെലവിന് കമ്മിറ്റിയുടെ മുൻകൂർ ആനുമതി വാങ്ങിയിട്ടില്ല. |
| 18 | 597/16<br>16.12.16 | 7220 | സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയ ഇനത്തിൽ ഗോൾഡൻ പ്രസ്സ്, പത്തനംതിട്ടയ്ക്ക് നൽകിയത് | ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. സ്റ്റോക്കിൽ ചേർത്തതിന്റെ വിവരം ഇല്ല. ചെലവ് അംഗീകാരം ഇല്ല. |
| 19 | 882/16<br>22.03.17 | 1000 | 71-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന് ഭീഷണിയായി നിന്ന മരങ്ങൾ മുറിച്ചുമാറ്റിയ ഇനത്തിൽ നൽകിയത് - ശ്രീ ആനന്ദൻ, തൈക്കൂട്ടത്തിൽ, വയ്യാറ്റുപുഴ | വിറക് ലേലം ചെയ്തിട്ടില്ല |
| 20 | 912/16<br>25.03.17 | 7830 | പഞ്ചായത്ത് കിണറ്റിൽ സ്ഥാപിക്കുന്നതിനായി പമ്പ് സെറ്റ് വാങ്ങിയതിനും, പണിക്കൂലിയും - ശ്രീ ഇബ്രാഹിം കുട്ടി, മൾബറി സാനിട്ടറി, ചിറ്റാർ | ക്വട്ടേഷൻ ക്ഷണിച്ചല്ല പണി നടത്തിയിരിക്കുന്നത്. ചെലവ് അംഗീകാരം വാങ്ങിയതിന്റെ വിവരം ലഭ്യമല്ല |
| | ആകെ | 319359 | | |

## 3-4 അനുവദനീയമായതിൽ അധികം വക്കീൽ ഫീസ് നൽകി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 18.02.16-ലെ സ.ഉ.(എം.എസ്.)നം.36/16/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന് കേസ് ഒന്നിന് നൽകാവുന്ന പരമാവധി വക്കീൽ ഫീസ് 3000 രൂപയിൽനിന്നും 15000 രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 15000 മുതൽ 50000 രൂപ വരെ പഞ്ചായത്ത് ഡയറക്ടറുടെ അനുമതിയോടെ ചെലവഴിക്കാവുന്നതാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ ഹൈക്കോടതിയിൽ പഞ്ചായത്തിന്റെ കേസ് നടത്തുന്നതിന് അഡ്വ. സെർജി ജോസഫ് എന്ന വക്കീലിന് 18000 രൂപ നിരക്കിൽ വക്കീൽ ഫീസ് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം | വൗച്ചർ നം., തീ. | തുക | കേസിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | 772/16<br>20.2.17 | 18000 | WPC No.24020/16 നമ്പർ ഹൈക്കോടതി കേസിനുള്ള വക്കീൽ ഫീസ് | 3000 |

| | | | | |
|---|---|---|---|---|
| 2 | 773/17<br>20.2.17 | 18000 | WPC No.33889/16 നമ്പർ ഹൈക്കോടതി കേസിനുള്ള വക്കീൽ ഫീസ് | 3000 |
| 3 | 859/17<br>17.3.17 | 15000 | WPC No.36613/16 നമ്പർ ഹൈക്കോടതി കേസിനുള്ള വക്കീൽ ഫീസ് | 3000 |
| | 860/17<br>17.3.17 | 3000 | | |
| 4 | 861/17<br>17.3.17 | 30000 | WPC No.14784/16, WPC No.38631/16, നമ്പർ ഹൈക്കോടതി കേസുകൾക്കുള്ള വക്കീൽ ഫീസ് | 6000 |
| | 862/17<br>17.3.17 | 6000 | | |
| | | | ആകെ | 15000 |

വക്കീൽ ഫീസ് ഇനത്തിൽ അനുവദനീയമായതിൽ അധിക നൽകിയ 15000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ ഇനത്തിൽ അധികം തുക ചെലവഴിച്ചതിന് പഞ്ചായത്ത് ഡയറക്ടറിൽനിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

## 3-5 ചെലവ് കണക്കും, മസ്റ്റർ റോളുകളും, ബില്ലുകളും ഹാജരാക്കാത്ത ഗുണഭോക്തൃസമിതി കൺവീനർമാർക്ക് വർക്ക് ബിൽ തുക നൽകിയത് ക്രമവിരുദ്ധം

ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കൺവീനർമാർക്ക് ബിൽ തുക നൽകിയത് ക്രമപ്രകാരമല്ല. കൺവീനർമാർ തങ്ങൾ പ്രവൃത്തിക്ക് ചെലവഴിച്ച തുകകളുടെ കണക്ക് സൂക്ഷിക്കുകയോ, പ്രവൃത്തിക്ക് നിയോഗിച്ച തൊഴിലാളികൾക്ക് വേതനം നൽകിയതിന്റെ മസ്റ്റർറോൾ, സാധന സാമഗ്രികൾ വാങ്ങിയതിന്റെ ക്യാഷ്ബില്ലുകളും, കൈപ്പറ്റു രസീതികളും സൂക്ഷിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുകയോ ചെയ്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13(6) പ്രകാരം ഗുണഭോക്തൃ സമിതി ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികളുടെ വാടക, തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിറ്റ്സ് ബുക്ക് എന്നിവ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കിക്കഴിഞ്ഞാൽ വരവു ചെലവ് കണക്ക്, മസ്റ്റർ റോൾ, വൗച്ചറുകൾ, മിനിട്സ് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പഞ്ചായത്തിനു നൽകണം. പ്രവൃത്തി പൂർത്തീകരിച്ചശേഷം എക്സി.കമ്മിറ്റി യോഗം ചേർന്ന് കണക്കുകൾ പരിശോധിച്ച് വൗച്ചറുകൾ പാസ്സാക്കി മൊത്തം വരവു ചെലവു കണക്കുകൾ അംഗീകരിക്കണം. കൺവീനർക്ക് പ്രവൃത്തി നടത്തുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ, ഫൈനൽ ബിൽ പ്രകാരമുള്ള തുകയോ, ഏതാണ് കുറവ് അതിനു മാത്രമാണ് കൺവീനർക്ക് അർഹതയുള്ളത്. കൺവനീർക്ക് യഥാർത്ഥത്തിൽ ചെലവായ തുക കണക്കാക്കാതെ ഫൈനൽ ബിൽ തുക നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. കൺവനീർ കണക്കിന്റെ അഭാവത്തിൽ ബിൽ തുക നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | ചെലവ് തുക | ട്രഷറി ബിൽ |
|---|---|---|---|---|---|
| 1 | 23/17 | ഗുരുമന്ദിരം കൊല്ലനേത്ത് പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ ജോണി,<br>കൊല്ലനേത്ത്, വയ്യാറ്റുപുഴ | 325912 | 29/16-17<br>30.03.17 |
| 2 | 126/17 | ഹൈസ്കൂൾപടി കളത്തുങ്കൽപടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ കെ.ജി.മുരളീധരൻ | 99786 | 17/16-17<br>30.03.17 |

ടി പ്രവൃത്തികൾക്ക് ചട്ടവിരുദ്ധമായി ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രവൃത്തികൾക്ക് ചെലവഴിച്ച തുകകൾ തടസ്സത്തിൽ വയ്ക്കുന്നു. ഗുണഭോക്തൃസമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അംഗീകരിച്ച വരവ് ചെലവ് കണക്കുകൾ, മസ്റ്റർ റോൾ, വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 3-6 കരാറുകാർ നികുതി കോമ്പൗണ്ട് ചെയ്തതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല – കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കി

ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികളുടെ കരാറെടുത്തിരുന്ന കോൺട്രാക്ടർമാർ നികുതി കോമ്പൗണ്ട് ചെയ്തിട്ടുള്ളതിന് തെളിവായി വാണിജ്യ നികുതി വകുപ്പിൽനിന്നും ഫാറം 1-ഇ (Form No.1E)-ലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. എന്നാൽ ഇവർക്ക് നൽകിയിട്ടുള്ള ബിൽ തുകകളിൽനിന്നും നികുതി കോമ്പൗണ്ട് ചെയ്ത കരാറുകാർക്ക് അർഹമായ 4 ശതമാനം നിരക്കിലാണ് VAT ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. ഫാറം 1-ഇ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്ത തിനാൽ ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള 2016-17 സാമ്പത്തിക വർഷം ഇവർ നികുതി കോമ്പൗണ്ടുചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കാനായിട്ടില്ല. KVAT റൂൾസ് പ്രകാരം വാറ്റ് രജിസ്ട്രേഷൻ ഉള്ളതും, നികുതി കോമ്പൗണ്ട് ചെയ്തിട്ടില്ലാത്തവരുമായ കരാറുകാരിൽനിന്നും ഈടാക്കേണ്ട നികുതി (VAT) പ്രവൃത്തിമൂല്യത്തിൽനിന്നും തൊഴിൽഘടകം ഇനത്തിൽ 25% തുക കുറവ് ചെയ്തതിനുശേഷം ലഭിക്കുന്ന തുകയുടെ 14.5% ആണ്. പ്രവൃത്തി മൂല്യത്തിന്റെ 8% നികുതിയാണ് ഈടാക്കേണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, ചെലവിന്റെ വിവരം | പ്രവൃത്തി മൂല്യം | 25% തൊഴിൽ ഘടകം കുറച്ചതിനുശേഷമുള്ള തുക | ഈടാക്കേണ്ടിയിരുന്ന നികുതി (14.5% നിരക്കിൽ) | ഈടാക്കിയ നികുതി (4%) | കുറവ് |
|---|---|---|---|---|---|---|
| 1 | ഫാക്ടറിപടി മീൻകുഴി വടക്കേക്കര NSS പടി റോഡ് റീടാറിംഗ് & ടാറിംഗ്<br>പ്രോജക്ട് നം. 14/17<br>അടങ്കൽ - ₹1795779<br>കരാറുകാരൻ - ശ്രീ അനീഷ് സക്കറിയ<br>ചെലവ് - ₹1469698<br>എം.ബുക്ക് നം. - 2A/16-17<br>ട്രഷറി ബിൽ നം., 14/16-17&15-16-17, 30.03.17 | 1469698 | 1102274 | 159830 | 58788 | 101042 |
| 2 | മൂക്കൻപാറപടി സൊസൈറ്റിപ്പടി റോഡ് കോൺക്രീറ്റ് & പാർശ്വഭിത്തി നിർമ്മാണം<br>പ്രോജക്ട് നം. 10/17<br>അടങ്കൽ - ₹328392<br>കരാറുകാരൻ - ശ്രീ കെ. രാജൻ<br>ചെലവ് - ₹87306<br>എം.ബുക്ക് നം. 58/15-16 (Final Bill)<br>ട്രഷറി ബിൽ നം., തീ. 26/16-17, 30.03.17 | 87306 | 65480 | 9495 | 3492 | 6003 |

| | | | | | | |
|---|---|---|---|---|---|---|
| 3 | കട്ടച്ചിറ-നീലിപിലാവ് റോഡ് കോൺക്രീറ്റ് ഐറിഷ് ഓട<br>പ്രോജക്ട് നം. 148/17<br>അടങ്കൽ - ₹400000<br>കരാറുകാരൻ - ശ്രീ കെ.സജയകുമാർ<br>ചെലവ് - ₹399030<br>എം.ബുക്ക് നം. 31/16-17 | 399030 | 299273 | 43395 | 15961 | 27433 |
| 4 | പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിട മെയിന്റനൻസ്<br>പ്രോജക്ട് നം. 12/17<br>അടങ്കൽ - ₹400000<br>കരാറുകാരൻ - ശ്രീ പി.ജെ.നൗർദ്ദീൻ<br>ചെലവ് - ₹396391<br>എം.ബുക്ക് നം. 61/15-16 | 396391 | 297293 | 43107 | 15856 | 27252 |
| 1 | കുളങ്ങരവാലി അങ്കണവാടി മെയിന്റനൻസ്<br>പ്രോജക്ട് നം. 163/17<br>അടങ്കൽ - ₹100000<br>കരാറുകാരൻ - ശ്രീ കെ.എൽ.ഗോപി<br>ചെലവ് - ₹89947<br>എം.ബുക്ക് നം. - 163/17<br>ട്രഷറി ബിൽ നം. | 89947 | 67460 | 9782 | 3598 | 6184 |
| 2 | വയ്യാറ്റുപുഴ മൺപിലാവ് റോഡിൽ ഐറിഷ് ഓട നിർമ്മാണം<br>പ്രോജക്ട് നം. 9/17<br>അടങ്കൽ - ₹916922<br>കരാറുകാരൻ - ശ്രീ പി.എം.വർഗ്ഗീസ്<br>ചെലവ് - ₹302824 (IInd & Final Bill)<br>എം.ബുക്ക് നം. 58/15-16<br>ട്രഷറി ബിൽ നം., തീ. | 302824 | 227118 | 32932 | 12113 | 20819 |
| | ആകെ | | | | | **188733** |

മേൽ പറഞ്ഞ കരാറുകാരിൽനിന്നും ഫാറം 1E-ലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽ കാണിച്ചിരിക്കുന്ന പ്രകാരം കുറവായി ഈടാക്കിയ നികുതി ബന്ധപ്പെട്ട് കരാറുകാരിൽനിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## 3-7 ഇടനാട്ടിൽപടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം - അപാകതകൾ

| | |
|---|---|
| കൺവീനർ | ശ്രീ കെ.പി.സദാനന്ദൻ |
| അടങ്കൽ | ₹458461 |
| ടി.എസ്. നം. | 910/2015-16 /AEE/LSGD/RBP, dtd.20.2.16 |
| ചെലവ് | ₹390115 (date of completion – 25.1.17 |
| ട്രഷറി ബിൽ നം., തീ | 18/16-17, 30.03.17 |
| എം.ബുക്ക് നം. | 1/16-17 |

2016-17-ലെ വാർഷിക പദ്ധതിയിൽ പ്രോജക്ട് നം. 25/17 പ്രകാരം സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് ഇടനാട്ടിൽപടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം. 2015-16-ലെ വാർഷിക പദ്ധതിയിൽ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 458461 രൂപ വകയിരുത്തി അംഗീകാരം വാങ്ങിയ പദ്ധതിയാണിത്. ഗുണഭോക്തൃസമിതി മുഖാന്തിരമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കൺവീനർ ശ്രീ കെ.പി.സദാനന്ദൻ 390115 രൂപയുടെ (നികതികൾ ഉൾപ്പടെ) പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ഗുണഭോക്തൃസമിതി രൂപീകരണ രേഖകളും, ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കുകളും സൂക്ഷിച്ചിട്ടില്ല

ഒരു മരാമത്ത് പ്രവൃത്തി നടപ്പിലാക്കുന്നതുകൊണ്ട് പ്രയോജനം ലഭിക്കുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും രേഖാമൂലം അറിയിപ്പ് നൽകി അവരിൽനിന്നും അവർതന്നെ തിരഞ്ഞെടുത്തതായിരിക്കണം ഗുണഭോക്തൃസമിതി. ഗുണഭോക്തൃസമിതിയുടെ ചെയർമാനും കൺവീനറും, അംഗങ്ങളും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെ ആയിരിക്കേണ്ടതും, ആയത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും രേഖ നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കുകയും വേണം. എന്നാൽ ടി പ്രവൃത്തിയുടെ ഗുണഭോക്താക്കളുടെ യോഗം വിളിച്ചുചേർത്തതിന്റെയും, ഗുണഭോക്തൃസമിതി കൺവീനറേയും, ചെയർമാനേയും തെരഞ്ഞെടുത്തതിന്റെയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃസമിതിയെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായും രേഖയില്ല. പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റ് ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃസമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതുമാണ്. എന്നാൽ ഈ പ്രവൃത്തിയുടെ കൺവീനർ കണക്കുകൾ ഹാജരാക്കാതെയാണ് ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളത്. ഇത് ചട്ടവിരുദ്ധമായ നടപടിയാണ്.

ബി) സംരക്ഷണ ഭിത്തി നിർമ്മാണത്തിന് അധിക നിരക്ക് നൽകി; 78062 രൂപ നഷ്ടം

ഈ പ്രവൃത്തിയുടെ ഇനം 2 പ്രകാരം 108.11$m^3$ പാറപ്പണി നടത്തിയതിന് (Dry rubble masonry with hard stone in foundation and super structure including all cost of materials, labour charges etc. complete) ഘനമീറ്ററിന് 3210.50/$m^3$ നിരക്കിൽ 347087.15 രൂപ പ്രതിഫലം നൽകിയിട്ടുണ്ട് (എം.ബുക്ക് നം.1/16-17). നിരീക്ഷണ ഡാറ്റയുടെ അടിസ്ഥാനത്തിലാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളതെങ്കിലും അംഗീകൃത ഡാറ്റ എസ്റ്റിമേറ്റനോടൊപ്പം ഹാജരാക്കിയിട്ടില്ല. DSR പ്രകാരം ഈ ഇനം പ്രവൃത്തിക്ക് അർഹമായ നിരക്ക് 2488.44/$m^3$ ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

60.7.1 DRY RUBBLE MASONRY – Dry rubble without concrete levelling course masonry with good quality blasted rubble including packing to compactness to lines and levels cost and conveyance of all materials labour charges etc. Complete as per direction of Departmental officers at site.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 1 cum. Material | | | | |
| 1157 | Stone for masonry work | cum | 1.05000 | 900.00 | 945.00 |
| | Carriage | | | | 0.00 |
| 2215 | Carriage of soling & masonry stone | cum | 1.05000 | 125.28 | 131.54 |

| | | | | | |
|---|---|---|---|---|---|
| | Labour | | | | 0.00 |
| 0125 | Mason (for plain stone work) 2nd class | Day | 0.80000 | 399.00 | 319.20 |
| 0114 | Beldar | Day | 0.70000 | 329.00 | 230.30 |
| | TOTAL | | | | 1626.04 |
| | Add Water Charges @1% | | | | 16.26 |
| | TOTAL | | | | 1642.30 |
| | Add OH 7.5% | | | | 123.17 |
| | Cost of 1cum. | | | | 1765.48 |
| | Cost index 40.95% | | | | 722.96 |
| | Total with cost index | | | | 2488.44 |

അധിക നിരക്ക് നൽകിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് 78062രൂപ നഷ്ടമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എം. ബുക്ക് പ്രകാരം ചെയ്ത അളവ്, നിരക്ക്, തുക | അനുവദിനീയമായ അളവ്, നിരക്ക്, തുക | അധികം നൽകിയത് |
|---|---|---|
| 108.11m3 @ 3210.50/$m^3$ = 347087.15 | 108.11m3 @ 2488.44/m3 = 269025.24 | 78062 |

മേൽകാണിച്ചിരിക്കുന്ന പ്രകാരം കൺവീനർക്ക് അധികം നൽകിയ 78062 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി.എക്സി.എഞ്ചിനീയർ എന്നിവരിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-8 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പ്രോജക്ടുകളുടെ നടത്തിപ്പിൽ അപാകം

*നിർവ്വഹണം: ഐ.സി.ഡി.എസ്. സൂപ്പർ വൈസർ*

ഓഡിറ്റ് വർഷം ശാരീരിക മാനസിക വെല്ലുവിളികൾ നോരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ജനറൽ, എസ്.സി.പി., ടിഎസ്.പി. ഫണ്ടുകൾ വകയിരുത്തി വെവ്വേറെ പദ്ധിതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചെലവിന്റെ വിവരം |
|---|---|---|---|---|---|
| 58/17 | 600000 | 217900 | 36 | 18 | 12/16-17 /30.03.17 |
| 59/17 | 200000 | 12000 | 6 | 1 | 13/16-17 /30.03.17 |
| 60/17 | 100000 | 8000 | 8 | 1 | 14/16-17 |

| | | | | | |
|---|---|---|---|---|---|
| | | | | | /30.03.17 |

ഗുണഭോക്താക്കളുടെ എണ്ണം, ഫണ്ടിന്റെ ആവശ്യകത എന്നിവ കൃത്യമായി വിലയിരുത്താതെയാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക ഭാഗീകമായി മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അനുപാതത്തിലല്ലാതെ ഫണ്ട് വകയിരുത്തിയതിനാൽ ആകെ വകയിരുത്തിയ 9 ലക്ഷം രൂപയിൽ 6.62 ലക്ഷം രൂപയും ചെലവഴിക്കപ്പെടാതെ ലാപ്സായി. പൊതുവിഭാഗം പദ്ധതിയ്ക്ക് വകയിരുത്തിയ തുകയിൽനിന്നുതന്നെ എസ്.സി.പി./ടി.എസ്.പി. വിഭാഗക്കാർക്കുകൂടി ആനുകൂല്യം നൽകാമെന്നിരിക്കെ ഈ വിഭാഗങ്ങൾക്കായി പ്രത്യേകം പദ്ധതി ആവിഷ്കരിച്ചതും വകയിരുത്തിയ തുക അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യാതിരുന്നതും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള ഫണ്ട് വിവേചന രഹിതമായി പദ്ധതികൾക്കായി വിന്യസിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 പഠനയാത്ര നടത്തുന്നതിന് പ്രോജക്ട് നടപ്പിലാക്കിയത് ക്രമവിരുദ്ധം

*നിർവ്വഹണം: ഐ.സി.ഡി.എസ്. സൂപ്പർ വൈസർ*

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.61/17 പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 25000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ബാലസഭ കുട്ടികൾക്ക് തിരുവനന്തപുരത്തേയ്ക്ക് പഠനയാത്ര നടത്തിയ ഇനത്തിൽ 25000 രൂപ ചെലവഴിച്ചു (ട്രഷറി ബിൽ നം.10/16-17/30.03.17). ചെലവ് രേഖകൾ പരിശോധിച്ചതിൽ പഠനയാത്രയിൽ പങ്കെടുത്ത 55 പേരിൽ 19 പേരും മുതിർന്ന ആളുകളാണെന്നു കാണുന്നു. കുട്ടികൾക്കുവേണ്ടിയുള്ള പ്രോജക്ടിന്റെ ഭാഗമായി നടത്തിയ പഠനയാത്രയിൽ ഇത്രയും അധികം മുതിർന്നവർ പങ്കെടുത്തത് എന്ത് അടിസ്ഥാനത്തിലാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല.

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഉത്പാദനപരമല്ലാത്ത ഉല്ലാസ-പഠന യാത്രകൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല (മാർഗ്ഗരേഖയിലെ അനുബന്ധം-15, ഖ.7.7). മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാ ക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്ക് ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് നിർവ്വഹണ ഉദ്യോഗസ്ഥയിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-10 ജാഗ്രതാ സമിതി - വികസന ഫണ്ടിൽനിന്നും ഉത്പാദനപരമല്ലാത്ത കാര്യത്തിന് ചെലവഴിച്ച തുക നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0062/17 |
| അടങ്കൽ | ₹25000 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |
| ചെലവ് | ₹23000 |
| ട്രഷറി ബിൽ നം., തീ | 10/16-17, 30.03.17 |

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 25000 രൂപ വകയിരുത്തി ജാഗ്രതാ സമിതി എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. അംഗീകരിച്ച പ്രോജക്ട് രേഖയിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളോ, ചെലവിനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങളോ വ്യക്തമാക്കിയിരുന്നില്ല. പദ്ധതിയുടെ ഭാഗമായി വാർഡ് മെമ്പർമാർക്കും, പൊതുജനങ്ങൾക്കും ബോധവൽക്കരണ ക്ലാസുകൾ നടത്തിയതിന് 23 അങ്കണവാടികളിലേയും വർക്കർമാർക്ക് ആയിരം രൂപ വീതം 23000 രൂപ ചെലവഴിച്ചു. ലഘുഭക്ഷണ ചെലവ് ഇനത്തിൽ 750 രൂപയും 250 രൂപ ക്ലാസ് എടുത്തതിനുള്ള ഓണറേറിയം ഇനത്തിലുമാണ് ചെലവ് ചെയ്തിട്ടുള്ളത്.

ജാഗ്രതാ സമിതിയുടെ പ്രവർത്തന ചെലവുകൾക്ക് പഞ്ചായത്തുകൾക്ക് പ്രതിവർഷം 35000 രൂപവരെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽനിന്നും ചെലവഴിക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത് [സ.ഉ.(എം.എസ്.)നം.3350/2008/തസ്വഭവ, തീ.09.09.2008]. ഈ ആവശ്യത്തിന് വികസന ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതിന് വ്യവസ്ഥയില്ല്ല. മാത്രവുമല്ല ഉത്പാദനപരമല്ലാത്ത ബോധവൽക്കരണ ക്ലാസുകളും, സെമിനാറുകളും പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ലെന്ന് പദ്ധതി നിർവ്വഹണമാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട് (മാർഗ്ഗരേഖയിലെ അനുബന്ധം 15, ഖ.7.7). മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഉത്പാദനപരമല്ലാത്ത കാര്യത്തിന് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-11 ഐ.സി.ഡി.എസ്. - പൊതുവായ അപകാതകൾ

ഓഡിറ്റ് വർഷം പഞ്ചായത്തിലെ സംയോജിത ശിശു വികസന പദ്ധതി (ICDS) പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

*എ) ആറ് മാസത്തേക്കുള്ള ഭക്ഷ്യസാധനങ്ങൾ മുൻകൂർ വാങ്ങി സൂക്ഷിച്ചു*

അങ്കണവാടി പോഷകാഹാര വിതരണത്തിനുള്ള ഭക്ഷ്യസാധനങ്ങൾ 2 മാസത്തിൽ കൂടുതൽ കാലയളവിലേക്ക് വാങ്ങി സൂക്ഷിക്കാൻ പാടില്ലെന്ന് വകുപ്പ് തല നിർദ്ദേശം ഉണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ 2016 ഏപ്രിൽ മാസം അങ്കണവാടികൾക്കുള്ള ഭക്ഷ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്തതിനുശേഷം 2016 ഒക്ടോബർ മാസത്തിലാണ് പിന്നീട് അങ്കണവാടികളിൽ ഭക്ഷ്യധാന്യങ്ങൾ ഇറക്കിയിട്ടുള്ളതെന്ന് കാണുന്നു. ഇതിൽനിന്നും ഉദ്ദേശ്യം ആറുമാസ കാലത്തേയ്ക്കുള്ള ഫീഡിംഗിനുള്ള സാധനങ്ങൾ മുൻകൂട്ടി വാങ്ങി ശേഖരിച്ചുവെന്ന് വ്യക്തമാണ്. ഭക്ഷ്യധാന്യങ്ങൾ ഇപ്രകാരം ദീർഘകാലത്തേയ്ക്ക് വാങ്ങി സൂക്ഷിക്കുന്നത് അവയുടെ ഗുണനിലവാരം ഇല്ലാതാകുന്നതിനും, ഭക്ഷ്യയോഗ്യമല്ലാതായിതീരുന്നതിനും കാരണമാകുന്നതാണ്. വകുപ്പ് നിർദ്ദേശം പാലിക്കാതെ ഭക്ഷ്യധാന്യങ്ങൾ ദീർഘകാലത്തേയ്ക്ക് വാങ്ങി സംഭരിച്ചത് ക്രമപ്രകാരമല്ല.

*ബി) ഭക്ഷ്യ സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ - യാതൊരു മാനദണ്ഡവുമില്ലാതെ ചെലവ് ചെയ്തു*

2016-17 വർഷം അങ്കണവാടികൾക്കുള്ള ഭക്ഷ്യ സാധനങ്ങളും, ടി.എച്ച്.ആർ.എസ്. മിശ്രിതവും പഞ്ചായത്ത് പരിധിയിലുള്ള 23 അങ്കണവാടികളിൽ വിതരണം ചെയ്തതിന് ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ ശ്രീ ജയപ്രകാശ് എന്നയാളിന് ചുവടെ ചേർക്കും പ്രകാരം 126500 രൂപ നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | ട്രഷറി ബിൽ നം. | തുക |
|---|---|---|---|
| 1 | 54/17 | 1/16-17/23.11.16 | 34500 |
| 2 | 54/17 | 4/16-17/31.01.17 | 34500 |
| 3 | 54/17 | 7/16-17/30.03.17 | 34500 |
| 4 | 55/17 | 5/16-17/17.03.17 | 23000 |
| | ആകെ | | 126500 |

ഭക്ഷ്യ സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകിയതിന് യാതൊരു മാനദണ്ഡവും പാലിച്ചിട്ടുള്ളതായി കാണുന്നില്ല. സാധനങ്ങളുടെ അളവ്, കടത്തുകൂലി നിരക്ക് എന്നിവ വൗച്ചറിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷം ഭക്ഷ്യധാന്യങ്ങൾ അങ്കണവാടികളിൽ എത്തിക്കുന്നതിനുള്ള പ്രവൃത്തിയ്ക്ക് ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചതായി രേഖയില്ല. മത്സാരധിഷ്ഠിത ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കാതെ ഈ പ്രവൃത്തി നിർവ്വഹണ ഉദ്യോഗസ്ഥ ഒരു വ്യക്തിയെ ഏൽപിച്ചത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

*സി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല*

അങ്കണവാടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും, മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും, പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് 22.03.2011-ലെ 31055/ഡി.സി./2011 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലർ പ്രകാരം സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും നിർദ്ദേശിച്ചിരുന്നു. 2016-17 വർഷത്തെ അങ്കണവാടികളുടെ ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ കാലയളവിൽ അങ്കണവാടികൾ പ്രവർത്തിച്ചിട്ടുള്ളത് ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെടാനായിട്ടില്ല.

*ഡി) നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചില്ല*

അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും, ഇതിനായി അങ്കണവാടി വെൽഫയർ കമ്മിറ്റികൾക്കു പുറമേ ഗ്രാമസഭാ/വാർഡ് സഭാ അംഗങ്ങളിൽനിന്ന് പൊതുസമ്മതരായ 5 പേരടങ്ങുന്ന ഒരു അങ്കണവാടി നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണമെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

*ഇ) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല*

ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ടുകൾ എല്ലാംതന്നെ 2016 സെപ്റ്റംബർ മാസം അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ പ്രോജക്ടുകളുടെ ഭാഗമായുള്ള ചെലവുകളുടെ 11 ട്രഷറി ബില്ലുകളിൽ രണ്ട് എണ്ണം 17.3.17-ലും അവശേഷിച്ചവ 30.3.17-ലുമാണ് ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളത്. പ്രോജക്ട് നം.210/17 പ്രകാരം അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി വികസന ഫണ്ടിൽനിന്നും 110000 രൂപ വകയിരുത്തി പ്രോജക്ട് അംഗീകാരം വാങ്ങിയിരുന്നെങ്കിലും പ്രസ്തുത പദ്ധതി 2017-18 വർഷം സ്പിൽഓവറായാണ് നടപ്പിലാക്കിയിട്ടുള്ളത്. സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പിലാക്കാതിരുന്നതും, ഫണ്ട് ചെലവഴിക്കാതിരുന്നതും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-12 സ്പിൽഓവർ പ്രജക്റ്റുകൾ യഥാസമയം പൂർത്തിയാക്കി ബിൽ സമർപ്പിച്ചില്ല - ക്യാരിഓവർ തുകയായി പഞ്ചായത്തിന് ലഭിക്കുമായിരുന്ന 30.13 ലക്ഷം രൂപ നഷ്ടപ്പെടുത്തി

സ്പിൽഓവർ പ്രജക്റ്റുകൾ യഥാസമയം പൂർത്തിയാക്കി ബിൽ സമർപ്പിക്കുന്നതിന് അസി.എഞ്ചിനീയർ വീഴ്ചവരുത്തിയതിനാൽ ക്യാരിഓവർ തുകയായി പഞ്ചായത്തിന് ലഭിക്കുമായിരുന്ന 30.13 ലക്ഷം രൂപ നഷ്ടപ്പെട്ടു.

2015-16-ൽ പുതുതായി തുടങ്ങിയതും 2016-17-ൽ സ്പിൽഓവറായി തുടരുന്നതുമായ പ്രോജക്റ്റുകൾ 31.03.17-ന മുമ്പ് പൂർത്തിയാക്കി 30.03.2017-ന മുമ്പ് ബിൽ തുക നൽകിയാൽ ഇത്തരം പ്രോജക്റ്റുകൾക്ക് ക്യാരിഓവർ തുക നൽകും എന്ന് സർക്കാർ അറിയിച്ചിരുന്നു. 2017 മാർച്ച് 31-നകം ഭൗതികമായി നിർവ്വഹണം പൂർത്തിയാക്കാത്ത പ്രോജക്റ്റുകൾ പൂർത്തീകരിക്കുന്നതിനുവേണ്ട തുക 2017-18-ലെ ബജറ്റ് വിഹിതത്തിൽനിന്നോ, തനത് ഫണ്ടിൽനിന്നോ കണ്ടെത്തേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു (സർക്കുലർ നം. ഡി.എ1/279 /2017/തസ്വഭവ., തീ. 11.05.17). കൂടാതെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2016-17-ലെ സ്പിൽഓവർ പ്രോജക്റ്റുകൾക്ക് പരമാവധി ചെലവ് 30.06.2017-ന മുമ്പ് വരുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ 2015-16-ലെ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ മേൽ പറഞ്ഞ പ്രകാരം 31.03.2017-ന് മുമ്പായി പണിപൂർത്തിയാക്കി 30.06.2017-ന് മുമ്പായി ബിൽ തുക നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ വീഴ്ചവരുത്തി. ഇക്കാരണത്താൽ ഈ പ്രോജക്റ്റുകൾക്ക് ക്യാരിഓവർ തുകയായി ലഭിക്കുമായിരുന്ന 30.13ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടമായി. ഇവയ്ക്ക് 2017-18-ലെ ബഡ്ജറ്റ് വിഹിതമോ, തനത് ഫണ്ടോ വിനിയോഗിക്കേണ്ട സ്ഥിതിയാണ് സംജാതമായിട്ടുള്ളത്.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | പ്രവർത്തി പൂർത്തീകരിച്ച തീയതി | ബിൽ തുക/ക്യാരി ഓവർ തുക | ഫണ്ടിനം |
|---|---|---|---|---|---|
| 1 | 7/16-17 (74/15-16) | വേളിമല പട്ടിക വർഗ്ഗ കോളനിയിലേക്കുള്ള റോഡ് നിർമ്മാണവും കോൺക്രീറ്റും | 17.04.17 | 242043 | ടി.എസ്.പി. ഫണ്ട് |
| 2 | 8/16-17 (80/15-16) | കിരിശ്ശുംമൂട് ഒറ്റതെങ്ങ് റോഡിൽ ടാറിംഗും സംരക്ഷണഭിത്തി നിർമ്മാണവും | 03.05.17 | 469979 | മെയിന്റനൻസ് ഗ്രാന്റ് |
| 3 | 16/16-17 (128/15-16) | 71-ാം നമ്പർ അങ്കണവാടിക്ക് സംരക്ഷണഭിത്തി നിർമ്മാണം | 12.05.17 | 233152 | മെയിന്റനൻസ് ഗ്രാന്റ് |
| 4 | 17/16-17 (130/15-16) | മൃഗാശുപത്രി കെട്ടിടത്തിന് മെയിന്റനൻസും റൂഫിംഗും | നടപ്പാക്കിയിട്ടില്ല | 500000 | മെയിന്റനൻസ് ഗ്രാന്റ് |
| 5 | 22/16-17 187/15-16 | കോതയാട്ടുപാറ മന്ദംമുക്ക് മീൻകുഴിതടം റോഡ് സംരക്ഷണഭിത്തി നിർമ്മാണം | നടപ്പാക്കിയിട്ടില്ല | 415080 | ടി.എസ്.പി. ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 6 | 24/16-17<br>(189/15-16) | കൊച്ചകുളങ്ങരവാലി റോഡിൽ സംരക്ഷണഭിത്തി നിർമ്മാണം | 25.05.17 | 436064 | മെയിന്റനൻസ് ഗ്രാന്റ് |
| 7 | 26/16-17<br>(191/15-16) | നീലിപിലാവ് ശിശുമന്ദിരത്തിന് കഞ്ഞിപ്പുരയും ടോയ് ലറ്റും, റൂഫിംഗും | 09.05.17 | 668069 | മെയിന്റനൻസ് ഗ്രാന്റ് |
| 8 | 34/16-17<br>(127/15-16) | കട്ടച്ചിറ പൊതുകിണർ മെയിന്റനൻസ് | 30.03.17 | 49030 | മെയിന്റനൻസ് ഗ്രാന്റ് |
| | | ആകെ | | 3013417 | |

സ്പിൽഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-13 പെരുപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി - പൊതുപണത്തിന്റെ ദുർവ്യയം

ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം മരാമത്ത് പ്രവൃത്തികൾക്ക് അടങ്കൽ വകയിരുത്തുന്നതും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും യാതൊരു മാനദണ്ഡവുമില്ലാതെയാണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പദ്ധതി പണത്തിന്റെ മൂല്യവും, ദൗർലഭ്യവും പരിഗണിക്കാതെ കുറഞ്ഞ ചെലവിൽ നടപ്പിലാക്കാൻ കഴിയുന്ന കെട്ടിടങ്ങളുടെ മെയിന്റനൻസ് പ്രവർത്തികൾക്കുപോലും വൻതുക വകയിരുത്തി പെരുപ്പിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവണതയാണ് ഓഡിറ്റിന് കാണാൻ കഴിഞ്ഞിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 11/16-17 | പാമ്പിനി 59-ാം നമ്പർ അങ്കണവാടിക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ* | 490000 |
| 2 | 26/16-17 | നീലിപിലാവ് ശിശുമന്ദിരത്തിന് കഞ്ഞിപ്പുരയും, ടോയ് ലറ്റും, റൂഫിംഗും ** | 927211 |
| 3 | 13/16-17 | ശബരിമല ഇടത്താവളം മെയിന്റനൻസ് റൂഫിംഗ് | 1000000 |
| 4 | 184/16-17 | പഞ്ചായത്ത് ഓഫീസും, കമ്മിറ്റി ഹാളും ഫർണിഷിംഗ് | 1200000 |
| 5 | 111/16-17 | വൃദ്ധജന സൗഹൃദ വിശ്രമാലയം *** | 460650 |

* 180 ച.അടി മാത്രം വിസ്തൃതിയുള്ള കെട്ടിടം

** നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തൃതി 500 ച.അടിയിൽ താഴെ

*** 100-ൽ താഴെ ച.അടി വിസ്തൃതിയുള്ള കെട്ടിടം

പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ, പദ്ധതി പണത്തിന്റെ മൂല്യം തദ്ദേശഭരണ സ്ഥാപനങ്ങൾ പരമാവധി സൂക്ഷ്മ ബോധത്തോടെ ഉൾക്കൊള്ളേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം ഗ്രാന്റായിട്ടാണ് നല്കുന്നതെങ്കിലും ആ തുകയുടെ 80 ശതമാനത്തോളം സംസ്ഥാന ഗവണ്മെന്റ് വായ്പ വാങ്ങുന്നതാണ്. അതിന് ഏകദേശം 11 ശതമാനമാണ് വാർഷിക പലിശ. ആയതിനാൽ വിഭവങ്ങളുടെ മൂല്യത്തെയും ദൗർലഭ്യത്തെയും കുറിച്ചുള്ള ധാരണയോടെയാകണം പണം ചെലവ് ചെയ്യുന്നതിന് തീരുമാനം എടുക്കേണ്ടത്.

പൊതുപണത്തിന്റെ ദൂർത്തും, ദുർവ്യയവും ഉണ്ടാകുന്ന തരത്തിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തി നടത്തിയ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നടപടി പഞ്ചായത്ത് ഭരണ സമിതി വിശദമായി പരിശോധിക്കുന്നതിനും കമ്മിറ്റിയിൽ ചർച്ച ചെയ്ത് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-14 പാമ്പിനി 59-ാം നമ്പർ അങ്കണവാടിക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകത

| | |
|---|---|
| പ്രോജക്ട് നം. | S0011/17 |
| കൺവീനർ | ശ്രീമതി വത്സലാ ഗോപി |
| അടങ്കൽ | ₹490000 |
| ചെലവ് | ₹ 478442 (നികുതികൾ ഉൾപ്പടെ) |
| ട്രഷറി ബിൽ നം., തീ | 1/16-17, തീ. 09.09.2016 |
| എം.ബുക്ക് നം. | 59/15-16 |

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 490000 രൂപ അടങ്കൽ വകയിരുത്തി നിലവിലുള്ള അങ്കണവാടിയ്ക്ക് അടുക്കളയും, സ്റ്റോർ മുറിയും, ടോയ്‌ലറ്റും നിർമ്മിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഗുണഭോക്തൃസമിതി മുഖാന്തിരമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ കൺവീനർ (ശ്രീമതി വത്സലാ ഗോപി) നികുതികൾ ഉൾപ്പെടെ 478442 രൂപയുടെ പ്രവൃത്തി നടത്തി. പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

<u>പെരുപ്പിച്ച എസ്റ്റിമേറ്റ് - പൊതുപണത്തിന്റെ ദുർവ്യയം</u>

ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പെരുപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് ബോദ്ധ്യമായിട്ടുണ്ട്. കേവലം 180 ച.അടി വിസ്തൃതിയുള്ള ഒരു കെട്ടിടം നിർമ്മിക്കുന്നതിനാണ് 451360 രൂപ ചെലവഴിച്ചിട്ടുള്ളതെന്ന് കണ്ടു. കെട്ടിടത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമില്ലാത്ത പല ഇനങ്ങളും പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നടത്തിയിട്ടുണ്ട് (ഉദ: സ്റ്റെയർ കെയ്സ്, അധിക അളവിലുള്ള പാരപ്പറ്റ്). നിലവിൽ പ്രാബല്യത്തിലുള്ള നിരക്ക് അനുസരിച്ച് ഒരു ചതിരശ്ര അടി കെട്ടിടം നിർമ്മിക്കുന്നതിന് ശരാശരി ചെലവ് 1500 രൂപയാണ്. ആയത് പ്രകാരം 3 ലക്ഷത്തിൽ താഴെ മാത്രം നിർമ്മാണ ചെലവ് വരുമായിരുന്ന കെട്ടിടത്തിനാണ് 4.5 ലക്ഷം രൂപ ചെലവഴിച്ചിരിക്കുന്നത്. ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ പൊതുപണത്തിന്റെ ധൂർത്തും, ദുർവ്യയവും ഉണ്ടായിട്ടുണ്ടെന്ന് സ്പഷ്ടമാണ്.

<u>കെട്ടിടം ഉപയോഗത്തിന് തുറന്ന് കൊടുത്തില്ല</u>

സ്ഥല സൗകര്യം തീരെ ഇല്ലാത്ത കെട്ടിടത്തിലാണ് നിലവിലുള്ള അങ്കണവാടി പ്രവർത്തിക്കുന്നത്. ഫർണിച്ചറും, കളിയുപകരണങ്ങളും, ധാന്യസംഭരണിയും ഉൾപ്പെടെയുള്ള സാധനങ്ങൾ കുട്ടികളെ പഠിപ്പിക്കുന്ന ചെറിയ ഹാളിലാണ് സൂക്ഷിച്ചിരിക്കുന്നത്. അങ്കണവാടി സ്ഥലപരിമിതിമൂലം വീർപ്പ് മുട്ടുമ്പോഴും 12.07.2016-ൽ പണിപൂർത്തിയാക്കിയ കെട്ടിടം ഓഡിറ്റ്

തീയതിയിലും ഉപയോഗത്തിനായി തുറന്ന് കൊടുത്തിട്ടില്ല. കെട്ടിടം പൂട്ടിയ താക്കോൽ ഇപ്പോഴും കരാറുകാരന്റെ കൈവശമാണെന്നാണ് അന്വേഷണത്തിൽ അറിയാൻ സാധിച്ചിട്ടുള്ളത്. പൊതുപണം ചെലവഴിച്ച് ആർജ്ജിച്ച ഒരു ആസ്തി ഉപയോഗപ്പെടുത്താതിരിക്കുന്നത്, ആ ആസ്തി ആർജ്ജിക്കുന്നതിന് ചെലവഴിച്ച പണത്തിന്റെ ദുർവിനിയോഗത്തിന് തുല്യമാണ്.

ഹൈടെൻഷൻ വൈദ്യുതി ലൈനിന് കീഴിൽ നിർമ്മാണം നടത്തി

ഹൈടെൻഷൻ വൈദ്യുതി ലൈനിന് കീഴിലായാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത്. ഇങ്ങനെയുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽനിന്നുള്ള ക്ലിയറൻസ് വാങ്ങേണ്ടതുണ്ട്. എന്നാൽ ആവശ്യമായ ക്ലിയറൻസ് വാങ്ങാതെയാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ നടപടിയാണ്.

ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയിട്ടില്ല

ഗുണഭോക്തൃസമിതി മുഖാന്തിരമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ഗുണഭോക്തൃസമിതികൾ മുഖാന്തിരം പ്രവൃത്തി നടത്തുന്ന സംഗതിയിൽ പ്രവൃത്തിയുടെ വരവ് ചെലവ് കണക്കുകൾ കൺവീനർ എഴുതി സൂക്ഷിക്കുകയും പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ഗുണഭോക്തൃസമിതിയുടെ എക്സി.കമ്മിറ്റി കൂടി ചെലവ് കണക്കുകൾ അംഗീകരിച്ചതിനുശേഷം പഞ്ചായത്തിന് കൈമാറുകയും ചേയ്യേണ്ടതാണ്. കൺവീനർ ഹാജരാക്കുന്ന വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിച്ചതിനുശേഷം മാത്രമേ ഫൈനൽബിൽ തുക നൽകാൻ പാടുള്ളൂ. എന്നാൽ ഗുണഭോക്തൃസമിതിയുടെ എക്സി.കമ്മിറ്റി അംഗീകരിച്ച വരവ് ചെലവ് കണക്കുകളുടെ അഭാവത്തിലാണ് പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളത്.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി പ്രവൃത്തിക്ക് ചെലവഴിച്ച 478442 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നികുതികൾ ഒടുക്കിയില്ല

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം അഞ്ച് നടപ്പാലങ്ങളുടെ നിർമ്മാണം പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടർ അനുവദിച്ച 934000 രൂപയും പഞ്ചായത്ത് വിഹിതമായ 185060 രൂപയും ചെലവഴിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽനിന്നും ഈടാക്കിയ മൂല്യവർദ്ധിത നികുതി, ആദായ നികുതി, നിർമ്മാണ ക്ഷേമനിധി വിഹിതം എന്നിവ യഥാ സ്ഥാനങ്ങളിൽ ഒടുക്കുവരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തി മൂല്യം | ഒടുക്കുവരുത്തുവാൻ ആവശേഷിക്കുന്ന തുക | | |
|---|---|---|---|---|---|
| | | | VAT | IT | KCWWF |
| 1 | വാവോലിപടി - ദീപക്ഭവൻ പടി നടപ്പാല നിർമ്മാണം | 225587 | 11279 | 2256 | 2256 |
| 2 | ഞക്കാട്ടുകാവുങ്കൽപടി നടപ്പാല നിർമ്മാണം | 351761 | 17588 | 3518 | 3518 |
| 3 | ചരിവുകാലയിൽ ഭാസ്കരൻപടി നടപ്പാല നിർമ്മാണം | 216095 | 10804 | 2161 | 2161 |
| 4 | കൊച്ചുമുറിയിൽ പടി നടപ്പാല നിർമ്മാണം | 166241 | 8312 | 1662 | 1662 |

| | | | | | |
|---|---|---|---|---|---|
| 5 | മൺപിലാവ് പെരുംതോയിക്കൽ പടി നടപ്പാല നിർമ്മാണം | 159576 | 7978 | 1596 | 1596 |
| | | 1119260 | 55961 | 11193 | 11193 |

ടി വർക്ക് ബില്ലുകളിൽനിന്നും ഈടാക്കിയ നികുതികൾ ഒടുക്കവരുത്തി ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-16 വികലാംഗർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ (എസ്.സി.പി.) - നടപ്പിലാക്കാൻ സാദ്ധ്യതയില്ലാത്ത പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്ത് ഫണ്ട് പാഴാക്കി

*നിർവ്വഹണം: ഐ.സി.ഡി.എസ്. സൂപ്പർ വൈസർ*

പട്ടികജാതി ഗുണഭോക്താക്കൾക്ക് സൈഡ് വീലോടുകൂടിയി സ്കൂട്ടർ വിതരണം ചെയ്യുന്നതിന് 2015-16-ലെ വാർഷിക പദ്ധതിയിൽ എസ്.സി.പി. ഫണ്ടിൽ നിന്നും 150000 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിരുന്നുവെങ്കിലും ആയത് നടപ്പിലാക്കിയില്ല. 2016-17-ലെ വാർഷിക പദ്ധതിയിൽ ഈ പദ്ധതി സ്പിൽ ഓവറാക്കിയെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. 2016-17-ലെ വാർഷിക പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം (സ.ഉ.(എം.എസ്.)നം.4/2016/തസ്വഭവ, തീ. 11.01.2016) വികലാംഗർക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ മാത്രമേ നടപ്പിലാക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഈ പദ്ധതി 2016-17-ൽ സ്പിൽ ഓവറായി നടപ്പിലാക്കുന്നതിന് സാദ്ധ്യതിയില്ലായിരുന്നു. തൻവർഷം നിർവ്വഹണാനുമതിയില്ലാത്ത പദ്ധതി സ്പിൽ ഓവറായി നിലനിർത്തിയതു മൂലം പദ്ധതിയ്ക്ക് വകയിരുത്തിയ 150000 രൂപ ചെലവഴിക്കാനാവാതെ ലാപ്സാകാനിടയായി. പഞ്ചായത്ത് പരിധിയിലുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി വിനിയോഗിക്കാവുന്ന പദ്ധതി പണം പ്രയോജനരഹിതമായ നിർവ്വഹണ സാദ്ധ്യതിയില്ലാത്ത പദ്ധതിയ്ക്കായി വകയിരുത്തിയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-17 അങ്കണവാടി പോഷകാഹാരം - ചെലവ് വൗച്ചർ ഹാജരാക്കിയിട്ടില്ല

*നിർവ്വഹണം: ഐ.സി.ഡി.എസ്. സൂപ്പർ വൈസർ*

ഓഡിറ്റ് വർഷം അങ്കണവാടി പോഷകാഹാര വിതരണത്തിനായ് പ്രോ.നം. 54/17 പ്രകാരം ഓഡിറ്റ് വർഷം 14 ലക്ഷം രൂപ പൊതുവിഭാഗം വികസനഫണ്ടിൽനിന്നും, 2.5 ലക്ഷം രൂപ കേന്ദ്രാവിഷ്കൃത ഫണ്ടിൽനിന്നും വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 28679 രൂപ (ചെക്ക് നം.108892/30.03.17) കേന്ദ്രാവിഷ്കൃത ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുള്ളതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവിനാധാരമായി വൗച്ചറും, അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/22.08.17) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും, ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12,2(2) പ്രകാരം ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് നിർവ്വഹണ ഉദ്യോഗസ്ഥയിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-18 അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്ക് എസ്.സി.പി./ടി.എസ്.പി. ഫണ്ട് വകയിരുത്തിയതിന് സർക്കാർ നിബന്ധന പാലിച്ചിട്ടില്ല

*നിർവ്വഹണം: ഐ.സി.ഡി.എസ്. സൂപ്പർ വൈസർ*

ഓഡിറ്റ് വർഷം (2016-17) അങ്കണവാടി പോഷകാഹര വിതരണത്തിനായി എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം. | വിഭാഗം | അടങ്കൽ | ചെലവ് | ചെലവിന്റെ വിവരം |
|---|---|---|---|---|
| 55/16-17 | SCP | 400000 | 387460 | 6/16-17/17.3.17<br>7/16-17/28.2.17 |

| | | | | |
|---|---|---|---|---|
| 56/16-17 | TSP | 100000 | 100000 | 9/16-17/30.3.17 |

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം (സ.ഉ.(എം.എസ്.)നം.4/2016/തസ്വഭവ, തീ. 11.01.2016) അങ്കണവാടി പോഷകാഹാര വിതരണത്തിനായി എസ്.സി.പി./ടി.എസ്.പി. ഫണ്ടുകൾ വകയിരുത്തുന്ന സംഗതിയിൽ ഐ.സി.ഡി.എസ്.സൂപ്പർവൈസർ തയ്യാറാക്കിയിട്ടുള്ള, ഓരോ വിഭാഗത്തിലേയും കുട്ടികൾകളുടെ എണ്ണവും ശതമാനവും സംബന്ധിച്ച സാക്ഷ്യപത്രം അനിവാര്യമായും പ്രോജക്ടിനോടൊപ്പം സമർപ്പിച്ചിരിക്കണം. എന്നാൽ ഇപ്രകാരമുള്ള സാക്ഷ്യപത്രത്തിന്റെ അഭാവത്തിലാണ് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള സർക്കാർ അനുവദിച്ചിട്ടുള്ള എസ്.സി.പി./ടി.എസ്.പി.ഫണ്ട് അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-19 നിഷ്ക്രീയ അക്കൗണ്ട്

ചിറ്റാർ ഗ്രാമപഞ്ചായത്തിലെ ടി.എസ്.സി. കോ-ഓർഡിനേറ്ററായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ ചിറ്റാർ ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.11350100101647) ഓഡിറ്റ് തീയതിയിൽ (22.08.2017) 389710 രൂപ ബാലൻസ് ഉണ്ട്. 2011 വർഷത്തിന് ശേഷം ഈ അക്കൗണ്ടിൽ ഇടപാടുകൾ നടന്നിട്ടില്ല. ശുചിത്വ പ്രോജക്ടുകളുടെ നടത്തിപ്പിനായി ശുചിത്വ മിഷനിൽനിന്നും ലഭിച്ച തുകയാണ് ഇപ്രകാരം അക്കൗണ്ടിൽ നിഷ്ക്രീയമായി കിടക്കുന്നത്. പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ ടോയ്-ലറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പൊതു കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും പ്രസ്തുത തുക ചെലവഴിക്കുന്നതിനുള്ള സാധ്യത പഞ്ചായത്ത് അധികൃതർ ആരായേണ്ടതാണ്. ആയതിന് സാധ്യതയില്ലാത്ത പക്ഷം തുക ശുചിത്വ മിഷനിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-20 തെരുവ് വിളക്കുകളുടെ പരിപാലനം - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് [166-ാം വകുപ്പ് (1)-ാം ഉപവകുപ്പ് - 3-ാം പട്ടിക]. എന്നാൽ ഈ ചുമതല പഞ്ചായത്ത് കൃത്യമായി നിർവ്വഹിക്കുന്നില്ല. ഓഡിറ്റ് വർഷം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഓഡിറ്റ് വർഷം 150000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിരുന്നു (പ്രോ.നം.176/17). കൂടാതെ പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് നം.46/17 പ്രകാരം 328000 രൂപയും വകയിരുത്തിയിരുന്നു. എന്നാൽ ഈ രണ്ട് പ്രോജക്ടുകളും തൻവർഷം നടപ്പാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് നമ്പർ ഉൾപ്പെടെ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വൈദ്യുതി ബോർഡ് അധികൃതർ ലഭ്യമാക്കിയ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് (6/2014) | ചാർജ്ജ് |
|---|---|---|---|
| സിഎഫ്എൽ (11W) | 307 | 7 | 2149 |
| ഡബിൾ ട്യൂബ് ലൈറ്റ് (2x40W) | 103 | 124 | 12772 |
| ബൾബ് 40 വാട്ട് | 151 | 61 | 9211 |
| മെർക്കുറി വേപ്പർ ലാമ്പ് (250W) | 5 | 414 | 2070 |
| ആകെ | 566 | | 26202 |

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം 26202 രൂപ ഗ്രാമപഞ്ചായത്ത് ഒടുക്കിവരുന്നുണ്ട്. എന്നാൽ കൃത്യമായ പരിപാലനം ഇല്ലാത്തതിനാൽ നിലവിലുള്ള വിളക്കുകളെല്ലാം പ്രകാശിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാവില്ല. കൂടുതൽ ഊർജ്ജ ഉപഭോഗവും വൈദ്യുതി നിരക്കും ഉള്ള 151 ഓർഡിനറി ബൾബുകൾ ഉള്ളതായി വൈദ്യുതി ബോർഡിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് നിലവിൽ ഓർഡിനറി ബൾബുകൾ ഉപയോഗിക്കുന്നില്ലെന്നത്

ഗ്രാമപഞ്ചായത്ത് അധികൃതർക്ക് അറിവുള്ള വസ്തുതയാണ്. ഓഡിറ്റ് സമാപന മീറ്റിംഗിൽ പങ്കെടുത്ത പ്രസിഡന്റും, ജനപ്രതിനിധികളും ഈ കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. നിലവിലില്ലാത്ത ബൾബുകളുടെ താരിഫ് ഇനത്തിൽ പ്രതിമാസം 9211 രൂപയാണ് ഗ്രാമപഞ്ചായത്ത് പാഴാക്കുന്നത്. ഇത് പഞ്ചായത്ത് ഫണ്ടിന്റെ വ്യക്തമായ നഷ്ടമാണ്. ഈ വിഷയം മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും ചൂണ്ടികാണിച്ചിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്ത് അധികൃതർ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെ.എസ്.ഇ.ബി. അധികൃതരുമായി ബന്ധപ്പെട്ട് ഓർഡിനറി ബൾബുകൾക്കുള്ള താരിഫ് കുറവ് ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. 31.03.2014ന് മുമ്പ് മീറ്റർ സ്ഥാപിക്കുന്നതിന് തുക ഒടുക്കുന്ന പഞ്ചായത്തുകൾക്ക് കെ.എസ്.ഇ.ബി. പ്രോജക്ട് കോസ്റ്റിന്റെ 50 ശതമാനം ഡിസ്കൗണ്ട് അനുവദിച്ചിരുന്നു. എന്നാൽ സമയബന്ധിതമായി പ്രോജക്ട് ഏറ്റെടുക്കാത്തതിനാൽ ഈ ആനുകൂല്യം ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല. ഓഡിറ്റ് വർഷം 296810 രൂപ മീറ്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിയിലും പ്രവൃത്തിയുടെ നടത്തിപ്പിൽ പുരോഗതി ഉണ്ടായിട്ടില്ല. ഓഡിറ്റ് വർഷം സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 20പ്രോജക്ടുകൾ പുതിയതായി ആവിഷ്കരിച്ച് കെ.എസ്.ഇ.ബി-യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തിയാകുന്നതോടുകൂടി ഗ്രാമപഞ്ചായത്ത് ഇപ്പോൾ ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് പതിൻമടങ്ങ് വർദ്ധിക്കുമെന്ന കാര്യം ഉറപ്പാണ്. ഈ സാഹചര്യത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-21 പൊതു ടാപ്പുകളുടെ പരിപാലനം തൃപ്തികരമല്ല

ഓഡിറ്റ് വർഷം 205 പൊതുടാപ്പുകൾക്ക് 89688 നിരക്കിൽ 1076250 രൂപ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്ത് ചെലവ് ചെയ്തിട്ടുണ്ട്. പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് പഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാരണത്താൽ പ്രവർത്തനക്ഷമമായ ടാപ്പുകൾക്കുതന്നെയാണ് താരിഫ് നൽകിയിട്ടുള്ളതെന്ന് ഉറപ്പുവരുത്താനായിട്ടില്ല. പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്താതെ വാട്ടർ അതോറിറ്റിയുടെ കണക്കിനെ മാത്രമം ആസ്പദമാക്കി വെള്ളക്കരം ഒടുക്കുന്ന പഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് വിരുദ്ധമായ നടപടിയാണ്. സംയുക്ത പരിശോധന നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

പൊതു ടാപ്പുകളുള്ള കുടിവെള്ള പദ്ധതികളേക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് സർക്കാർ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും (സബ്സിഡിക്ക് അർഹതയില്ലാത്തവരിൽനിന്നും മുഴുവൻ തുകയും ഈടാക്കി) ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന് വൻ ബാദ്ധ്യത വരുത്തുന്ന ഒരു ആവർത്തന ചെലവ് എന്ന നിലയ്ക്ക് ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-22 നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കണം

ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി. എഞ്ചിനീയർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരുടെ എന്നിവരുടെ പ്ലാൻ ഇംപ്ലിമെന്റേഷൻ അക്കൗണ്ടുകളിൽ ഓഡിറ്റ് തീയതിയിൽ ഗണ്യമായ തുക ബാലൻസ് അവശേഷിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥ/ൻ | അക്കൗണ്ടിൽ അവശേഷിക്കുന്ന തുക |
|---|---|
| സെക്രട്ടറി | 9616 |
| അസി.എഞ്ചിനീയർ | 219478 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 72664 |
| ഹെഡ്മാസ്റ്റർ | 1666 |

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം [ജി.ഒ.

(പി)177/2006/ധന., തീ.12.04.06] നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്നും ബില്ലുകൾ വഴി പിൻവലിക്കുന്ന തുകകൾ പദ്ധതി നിർവ്വഹണ ആവശ്യത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ദേശസാൽകൃത ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഉടൻ തന്നെ ഡി.ഡി. വാങ്ങി ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്യുകയും വേണം. ഡി.ഡി.വാങ്ങാനുള്ള തുകയല്ലാതെ മറ്റു തുകകൾ ഈ അക്കൗണ്ടിൽ നിക്ഷേപിക്കരുത്. ഓരോ മാസവും അവസാനം വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന തുകകൾ ട്രഷറി ചെലാൻ മുഖേന തിരിച്ചടയ്ക്കണം. ദേശസാൽകൃത ബാങ്കിൽ അടച്ച തുകയുടെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും വേണം.

ട്രഷറിയിൽനിന്നും മാറി ബാങ്കിൽ അടച്ച തുകകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് തുകയുടെ നിജസ്ഥിതി ഓഡിറ്റിൽ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക എത്രയും വേഗം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-23 കണ്ടിജന്റ് ചെലവുകളിന്മേൽ നിയന്ത്രണമില്ല

തനത് വരവും, തനത് ചെലവും കൂട്ടിമുട്ടാത്ത പഞ്ചായത്തിൽ കണ്ടിജന്റ് ചെലവുകളിന്മേൽ നിയന്ത്രണമില്ല. വാഹനത്തിന്റെ ഇന്ധന ചെലവ്, പ്രിന്റിംഗ് ചാർജ്ജ്എന്നീ ഇനങ്ങളിൽ ഗണ്യമായ തുകയാണ് ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത്.

*വാഹനത്തിന്റെ ഇന്ധന ചെലവ്*

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിരുന്നില്ല. 2016 വർഷാന്ത്യം വരെ ഓരോ മാസത്തെ ഇന്ധനഉപഭോഗം സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് അതത് മാസത്തെ അവസാന ദിവസം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരുന്നില്ല. ലോഗ് ബുക്ക് പ്രകാരം ഓഡിറ്റ് വർഷം വാഹനം സഞ്ചരിച്ച ദൂരം 33233 കി.മീറ്ററാണ് (ഒരു ദിവസം ശരാശരി 100 കി.മീ). വാഹനത്തിന് ഇന്ധനം നിറച്ചതിനുള്ള ചെലവ് 187459 രൂപയാണ് (പ്രതിമാസ ശരാശരി ചെലവ് 15622 രൂപ). വാഹനത്തിന്റെ ഇന്ധനചെലവ് ശരാശരിയിലും വളരെ കൂടുതലാണ്. വാഹനം ഉയോഗം നിയന്ത്രിക്കുന്ന കാര്യത്തിൽ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ശ്രദ്ധിച്ചിട്ടില്ല. വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. പഞ്ചായത്തിന്റെ ദുർബലമായ സാമ്പത്തിക നില പരിഗണിച്ച് വാഹന ഉപയോഗം നിയന്ത്രിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

*പ്രിന്റിംഗ് ചാർജ്ജ്*

ഓഡിറ്റ് വർഷം പ്രിന്റിംഗ് ചാർജ്ജ് ഇനത്തിൽ 87958 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കുന്നത്ത് പ്രിന്റേഴ്സ്, ചിറ്റാർ എന്ന സ്ഥാപനത്തെയാണ് ഓഡിറ്റ് വർഷം പ്രിന്റിംഗ് ജോലികൾ ഏൽപിച്ചിരുന്നത്. മിക്ക പ്രിന്റിംഗ് പ്രവൃത്തികളും പരസ്യ ക്വട്ടേഷൻ ക്ഷണിക്കാതെ ഏകപക്ഷീയമായിട്ടാണ് ഈ സ്ഥാപനത്തെ ഏൽപ്പിച്ചത്. യാതൊരു മാനദണ്ഡവുമില്ലാതെ പ്രിന്റിംഗ് പ്രവൃത്തികൾ നടത്തിയത് ശരിയായ നടപടിയല്ല. ഭാവയിൽ പ്രൊക്യൂർമെന്റ് നടപടി ക്രമങ്ങൾ പാലിച്ച് സുതാര്യമായ രീതിയിൽ പ്രിന്റിംഗ് പ്രവൃത്തികൾ നടത്തേണ്ടതും ഈ ഇനത്തിലുള്ള അമിത ചെലവ് നിയന്ത്രിക്കേണ്ടതുമാണ്.

## 3-24 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് തിരികെ വാങ്ങിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് നാളിതുവരെ ഗ്രാമപഞ്ചായത്ത് തിരികെ വാങ്ങിയിട്ടില്ല.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ.(പി.)429/2015/ഫിൻ., തീ.28-09-2015നമ്പർ ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ). പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് 2016-17 വർഷം 7 മരാമത്ത് പ്രവൃത്തികൾക്കായി ഇ ടെണ്ടർ സമർപ്പിച്ച കരാറുകാർ താഴെപ്പറയും പ്രകാരം ഓൺലൈനായി ടെണ്ടർ ഫീസ് പത്തനംതിട്ട എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർഫീസ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് നാളിതുവരെയായി അസി. എഞ്ചിനിയർ നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഇ-ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | എണ്ണം | |
| 1. | 8/17 | കരിശ്ശുംമൂട് ഒറ്റതെങ്ങ് റോഡിൽ ടാറിംഗും, സംരക്ഷണ ഭിത്തി നിർമ്മാണവും | 569526 | 2 | 2520 |
| 2. | 14/17 | ഫാക്റ്ററിപടി മീൻകുഴി വടക്കേക്കര NSS പടി റോഡ് റീടാറിംഗും, ടാറിംഗും | 1795779 | 2 | 10000 |
| 3. | 26/17 | നീലിപിലാവ് ശിശുമന്ദിര കഞ്ഞിപ്പുരയും, റൂഫിംഗും, ടോയലറ്റും | 927211 | 3 | 6000 |
| 4. | 134/17 | കരിശ്ശുംമൂട് ഒറ്റതെങ്ങ് റോഡ് കലുങ്ക് മെയിന്റനൻസ് | 500000 | 4 | 4200 |
| 5 | 137/17 | ചിറ്റാർ തെക്കേക്കര റോഡ് റീകോൺക്രീറ്റ് | 500000 | 4 | 4200 |
| 6 | 135/17 | പഞ്ചായത്ത്പടി മണക്കയം റോഡ് കലുങ്ക്, സംരക്ഷണഭിത്തി | 500000 | 3 | 3150 |
| 7 | 181/17 | ബസ് സ്റ്റാന്റ് മെയിന്റനൻസ് | 540000 | 2 | 1155 |
| | | ആകെ | | | 31225 |

ടെണ്ടർ ഫീസ് ഇനത്തിൽ ഒടുക്കിയ തുക തിരികെ വാങ്ങുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-25 പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ വാങ്ങലുകൾ നടത്തി

ജി.ഒ.(പി)259/2010/തസ്വഭവ, തീ. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമായിരിക്കണം ഗ്രാമപഞ്ചായത്ത് വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ പ്രസ്തുത മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടല്ല ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പദ്ധതികളുടെ ഭാഗമായുള്ള വിവിധ വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷം പ്രോക്യൂർമെന്റ് കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടില്ല. തൻവർഷം ഒരു തവണ മാത്രമാണ് പ്രോക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. പ്രോക്യൂർമെന്റ് കമ്മിറ്റിയിൽ പദ്ധതി പ്രകാരമുള്ള വിവിധ വാങ്ങലുകൾ ടെണ്ടർ മുഖേന വാങ്ങുന്നതിന് തീരുമാനം എടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. വിവിധ വാങ്ങലുകളുടെ ഭാഗമായി ലഭിച്ച ടെണ്ടറുകൾ ഒന്നും തന്നെ പ്രോക്യൂർമെന്റ് കമ്മിറ്റി അംഗങ്ങളുടെയും, സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളുടെയും സാന്നിദ്ധ്യത്തിലല്ല തുറന്നിട്ടുള്ളത്. ലഭിച്ച ടെണ്ടറുകൾ ഒന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടി അംഗീകരിച്ചിട്ടില്ല. ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വ്യവസ്ഥകൾ പാലിക്കാതെ നടത്തിയിട്ടുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 42/17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | അസി. സെക്രട്ടറി | 275000 | 272800 |
| 43/17 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | “ | 125000 | 124000 |
| 106/17 | പി.വി.സി. വാട്ടർ ടാങ്ക് (റ്റി.എസ്.പി.) | “ | 106000 | 66096 |
| 210/17 | അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ* | ICDS സൂപ്പർവൈസർ | 110000 | - |
| 184/17 | പഞ്ചായത്ത് ഓഫീസും, കമ്മിറ്റി ഹാളും ഫർണിഷിംഗ്* | അസി. എഞ്ചിനീയർ | 1200000 | - |

** 2016-17-ൽ വാങ്ങലിന് എഗ്രിമെന്റ് വെച്ചിട്ടുണ്ടെങ്കിലും 2017-18-ലാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.*

പ്രോക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രോക്യൂർമെന്റ് കമ്മിറ്റി പുന:സംഘടിപ്പിക്കേണ്ടതും, കമ്മിറ്റി തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ കൃത്യമായി നിറവേറ്റുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-26 പഞ്ചായത്തിന്റെ അലംഭാവം; സബ്ട്രഷറി കെട്ടിട നിർമ്മാണം മുടങ്ങിക്കിടക്കുന്നു

ചിറ്റാർ കേന്ദ്രമാക്കി സർക്കാർ അനുവദിച്ചിട്ടുള്ള സബ് ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴയ കൃഷിഭവൻ കെട്ടിടം വിട്ടു നൽകുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിരുന്നു. പ്രസ്തുത കെട്ടിടത്തിൽ

ട്രഷറി പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ട്രോംഗ് റൂം നിർമ്മാണത്തിനും ഫർണിഷിംഗിനുമായി പഞ്ചായത്തിന്റെ തനതു ഫണ്ടിൽനിന്നും 8 ലക്ഷം രൂപ ചെലവഴിക്കുന്നതിന് പഞ്ചായത്തിന് ബഹു. കേരള സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

സ്ട്രോംഗ് റൂം നിർമ്മാണത്തിനും ഫർണിഷിംഗിനുമായി 2014-15 വർഷം പഞ്ചായത്ത് 8 ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയും 23.06.14-ൽ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ അജീഷ് എസ്. എന്നയാളാണ് കരാർ എടുത്തിരുന്നത്. കരാറുകാരൻ 29.10.15-ൽ ആദ്യ പാർട്ട് ബിൽ തുകയായി 686357 രൂപ കൈപ്പറ്റിയിട്ടുണ്ട്. പാർട്ട് ബിൽ തുക കൈപ്പറ്റിയ കരാറുകാരൻ തുടർന്ന് പ്രവൃത്തി നടത്തിയിട്ടില്ല. പാതി വഴിയിൽ പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരനെതിരെ നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. ട്രഷറി പ്രവർത്തിക്കുന്നതിനാവശ്യമായ കൗണ്ടർ ഉൾപ്പെടെയുള്ള ഫർണിഷിംഗ് പ്രവൃത്തികൾ ഒന്നും തന്നെ പൂർത്തിയാക്കിയിട്ടില്ല. ഈ പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും ഇനി ചെലവഴിക്കാവുന്ന 113643 രൂപ വിനിയോഗിച്ച് അവശേഷിച്ച പണികൾ പൂർത്തിയാക്കുന്നതിന് സാധിക്കുന്നതല്ല. ആയതിനാൽ പദ്ധതിക്ക് കൂടുതൽ തുക ചെലവഴിക്കുന്നതിന് സർക്കാർ അനുമതി തേടേണ്ടതുണ്ട്. എന്നാൽ ഇതിനുവേണ്ടിയുള്ള യാതൊരു ശ്രമവും അധികൃതർ സ്വീകരിച്ചിട്ടില്ല. അവശേഷിച്ച പണികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ലെന്നു മാത്രമല്ല പദ്ധതിയ്ക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും ഇതിനകം ചെലവഴിച്ച 6.9 ലക്ഷം രൂപ നിഷ്ഫലമായിരിക്കുകയുമാണ്.

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും, പഞ്ചായത്ത് ഭരണസമിതിയും യാതൊരു ശുഷ്കാന്തിയും കാട്ടിയിട്ടില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-27 പഞ്ചായത്ത് ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം കടലാസിൽ

2013-14-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് റോഡിന് അഭിമുഖമായി പഞ്ചായത്ത് ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് വികസന ഫണ്ടിൽ നിന്നും 2878268 രൂപയും, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 421077 രൂപയും, തനത് ഫണ്ടിൽനിന്നും 1700655 രൂപയും ഉൾപ്പെടെ ആകെ 50 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി. 14.06.13-ൽ അംഗീകാരം ലഭിച്ച ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ നാളിതുവരെ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല.

2014-15 വർഷം പ്രവൃത്തി നടത്തുന്നതിനാവശ്യമായ മണ്ണ് പരിശോധന നടത്തുന്നതിനും സ്ട്രക്ചറൽ ഡിസൈനിംഗ് തയ്യാറാക്കുന്നതിനും 178927 രൂപ കോട്ടയം പാമ്പാടിയിലുള്ള രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടെക്നോളജിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം 2015 ഫെബ്രുവരി മാസം സ്ട്രക്ചറൽ ഡിസൈനും, ഡ്രോയിംഗും തയ്യാറാക്കി അസി.എഞ്ചിനീയർക്ക് കൈമാറിയതായി പറയുന്നു. എന്നാൽ ഇത് നിലവിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ, പഞ്ചായത്ത് അധികൃതരുടെയോ പക്കൽ ലഭ്യമല്ല.

2016-17 വർഷം 70 ലക്ഷം രൂപ ഈ പ്രോജക്ടിനായി വകയിരുത്തിയിരുന്നു. പദ്ധതി വിഭാവനം ചെയ്ത് 4 വർഷം പിന്നിട്ടിട്ടും പദ്ധതി നടപ്പിലാക്കുന്നതിനുള്ള യാതൊരു ശ്രമവും നിർവ്വഹണ ഉദ്യോഗസ്ഥന്റയോ, പഞ്ചായത്ത് ഭരണ സമിതിയുടെയോ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും സത്വര നടപടി ഉണ്ടാകേണ്ടതാണ്.

## 3-28 ഖരമാലിന്യ സംസ്കരണം; പഞ്ചായത്ത് ചുമതല നിർവ്വഹിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് ഖരമാലിന്യ പരിപാലനം ഒരു അനിവാര്യ ചുമതലയായി കണക്കാക്കി പ്രവർത്തിച്ചിട്ടില്ല. ഖരമാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് നിയമത്തിലും, ചട്ടത്തിലും പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് പഞ്ചായത്ത് യാതൊരു വിലയും കൽപിച്ചിട്ടില്ല. ചിറ്റാർ മാർക്കറ്റിലും, ടൗണിലും ഉല്പാദിപ്പിക്കുന്ന ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള യാതൊരു സംവിധാനവും ഗ്രാമപഞ്ചായത്ത് ഒരുക്കിയിട്ടില്ല. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനാവ ശ്യമായ വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നതിനുപോലും പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്ത് രാജ് നിയമത്തിൽ മാലിന്യങ്ങൾ ആത്യന്തികമായി കൈയൊഴിക്കുന്ന ആവശ്യത്തിലേക്കായി ഓരോ പഞ്ചായത്തും അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുകയും വിജ്ഞാപനം ചെയ്യുകയും ചെയ്യേണ്ടതാണെന്ന് 1998-ലെ കെ.പി.ആർ. (പൊതുകക്കൂസുകൾ, മൂത്രപ്പുരകൾ, കളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണവും സംരക്ഷണവും സ്വകാര്യ പരിസരങ്ങളിലെ ശുചീകരണവും) ചട്ടങ്ങളിലെ, ചട്ടം 15 നിഷ്കർഷിച്ചിട്ടുണ്ട്. മാത്രവുമല്ല ഖരമാലിന്യം നിർമ്മാർജ്ജനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. 73, 74 ഭരണഘടന ഭേദഗതികളിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം കടമകൾ എന്നിവ നിർവ്വചിച്ചിട്ടുള്ളതിൽ പൊതുജനാരോഗ്യം, ശുചീകരണം, ഖരമാലിന്യ നിർമ്മാർജ്ജനം, അഴുക്കുചാൽ നിർമ്മാണം എന്നിവ അനിവാര്യ ചുമതലകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾ മാലിന്യ ശേഖരണം, സംസ്കരണം എന്നിവ ഉൾപ്പെടെയുള്ള ശുചീകരണ പ്രവർത്തനങ്ങൾ പ്രാഥമിക ചുമതലയായി കണക്കാക്കി പ്രവർത്തിച്ചിരിക്കണം. എന്നാൽ ഖരമാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്ന കാര്യത്തിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള യാതൊരു പദ്ധതികളും ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചിട്ടില്ല.

ചിറ്റാർ മാർക്കറ്റിലെ മാലിന്യം നീക്കം ചെയ്യുന്നതിന് പ്രതിമാസം 13000 രൂപ നിരക്കിൽ ഒരു സ്വകാര്യവ്യക്തിയെ കരാർ ഏൽപ്പിച്ചിരിക്കുകയാണ്. മാർക്കറ്റിൽനിന്നും ശേഖരിക്കുന്ന മാലിന്യം കരാറുകാരൻ സ്വന്തം നിലയ്ക്ക് എവിടെയോ കൊണ്ടുപോയി സംസ്കരിക്കുകയാണ് ചെയ്യുന്നത്. കരാർ ഉടമ്പടിയിൽ മാലിന്യ ശേഖരണവും, നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനല്ല. പശ്ചിമഘട്ട വനമേഖലയായ ചിറ്റാർ പഞ്ചായത്തിൽ ഖരമാലിന്യങ്ങൾ ശാസ്ത്രീയമായും പരിസ്ഥിതിയ്ക്ക് ദോഷമുണ്ടാക്കാത്ത രീതിയിലും സംസ്കരിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് ഉത്തരവാദിത്വമുണ്ട്. എന്നാൽ ഈ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്ത് നിറവേറ്റുന്നില്ല.

ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു. ഖരമാലിന്യം സംസ്കരണത്തിന് സമഗ്ര പദ്ധതി തയ്യാറാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-29 പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തിന്റെ ഫലക്ഷമത ഇല്ലാതാക്കുന്നു

പ്രോജക്ടുകളുടെ ബാഹുല്യം ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെയും, ഫലക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നു. 2016-17 സാമ്പത്തിക വർഷം 193 പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും 110 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലായത്. 66153185 രൂപ പദ്ധതി അടങ്കലായി നിശ്ചയിച്ചുവെങ്കിലും 29128179 രൂപ മാത്രമാണ് ചെലവിട്ടത് (44%). പൊതുമരാമത്ത് പ്രവൃത്തികൾക്കായി 93 പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും നിർവ്വഹണം പൂർത്തീകരിച്ചത് 26 എണ്ണം മാത്രമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 34 | 29 | 7708928 | 5953839 | 77.23 |
| കൃഷി ഓഫീസർ | 9 | 9 | 2155382 | 1972462 | 91.51 |
| വെറ്ററിനറി സർജൻ | 15 | 12 | 4744400 | 1655400 | 34.89 |
| വി.ഇ.ഒ | 8 | 5 | 6488000 | 5102000 | 78.64 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 93 | 26 | 34251363 | 6844281 | 19.98 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9 | 4283450 | 3125489 | 72.97 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 1 | 1 | 735000 | 734116 | 99.88 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 600000 | 600000 | 100 |
| ഹെഡ് മാസ്റ്റർ | 4 | 4 | 785506 | 785506 | 100 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 15 | 12 | 3391156 | 1962286 | 57.86 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 785506 | 195000 | 24.82 |

| | | | | | |
|---|---|---|---|---|---|
| ആകെ | 193 | 110 | 65343185 | 28935379 | 44.28 |

പ്രോജക്ടുകളുടെ ബാഹുല്യം അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വണത്തെ വളരെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. രണ്ട് പഞ്ചായത്തുകളുടെ ചാർജ്ജ് വഹിക്കുന്ന അസി.എഞ്ചിനീയറും, രണ്ട് ഓവർസീയർമാരും മാത്രം ഉണ്ടായിരിക്കെ പൊതുമരാമത്ത് മേഖലയിൽ അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുകയും ഭൂരിഭാഗവും നിർവ്വഹിക്കാൻ കഴിയാതെ സ്പിൽ ഓവറാവുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഗ്രാമപഞ്ചായത്തിൽ കാണാൻ കഴിഞ്ഞത്.

ഓരോ മേഖലയിലും, ഉപവികസന മേഖലയിലും തയ്യാറാക്കുന്ന പ്രോജക്ടുകൾവരെ വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്ന തെറ്റായ പ്രവണതയാണ് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് കാരണം. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടതെന്ന് 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് കുറഞ്ഞ അടങ്കൽ തുകയുള്ള അസംഖ്യം പദ്ധതികളാണ് ഓരോ വർഷവും ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. പഞ്ചായത്തിലെ പദ്ധതി നിർവ്വഹണത്തിലുള്ള കാതലായ പിഴവാണിത്. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ട്. ആയതിനാൽ വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനം അവസാനിപ്പിക്കുന്നതിനും അതുവഴി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഭരണസമിതി തയ്യാറാകേണ്ടതുണ്ട്.

## 3-30 ഗ്രാമപഞ്ചായത്ത് ജീവനക്കാർ സർക്കാർ നിശ്ചയിച്ച നിരക്കിൽ SLI, GIS വരിസംഖ്യ ഒടുക്കുന്നില്ല

ഓഡിറ്റ് വർഷത്തെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗ്രാമപഞ്ചായത്ത് ജീവനക്കാർ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ എസ്.എൽ.ഐ., ജി.ഐ.എസ്. വരിസംഖ്യ ഒടുക്കവരുത്തിയിട്ടില്ലെന്ന് കാണുന്നു.

| ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, | അടിസ്ഥാന ശമ്പളം | സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് | | ഒടുക്കുവരുത്തിയത് | |
|---|---|---|---|---|---|
| | | SLI (1.1.17 മുതൽ) | GIS (1.09.16മുതൽ) | SLI | GIS |
| | | G.O.(P) 149/16, dtd.4.10.16 | G.O.(P) 112/16, dtd.1.8.16 | | |
| ശ്രീ. ഡി. ബാലചന്ദ്രൻ, സെക്രട്ടറി | 49200 | 500 | 500 | 150 | 400 |
| ശ്രീ ബിനുരാജ്, അസി.സെക്രട്ടറി | 37500 | 500 | 400 | 450 | 300 |
| ശ്രീമതി റ്റി.എൻ. പുഷ്പകുമാരി, ഹെഡ് ക്ലാർക്ക് | 32300 | 300 | 400 | 400 | -- |
| ശ്രീ വിപിൻ, സീനിയർ ക്ലാർക്ക് | 28500 | 300 | 300 | 250 | 150 |
| ശ്രീ ഷെമീം, സീനിയർ ക്ലാർക്ക് | 28500 | 300 | 300 | 250 | 300 |
| ശ്രീമതി അംബികാദേവി, ക്ലാർക്ക് | 19500 | 300 | 300 | 250 | 150 |
| ശ്രീ പ്രകാശ്, ഓഫീസ് | 20000 | 300 | 400 | 300 | 200 |

| അറ്റന്റന്റ് | | | | | |
|---|---|---|---|---|---|

സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ എസ്.എൽ.ഐ., ജി.ഐ.എസ് വരിസംഖ്യ ഒടുക്കാതിരുന്നത് തുടർ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-31 ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂർ

അഡ്വൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2014-15 വർഷം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ജീവനക്കാർക്ക് വിതരണം ചെയ്ത 80000 രൂപയിൽ 4000 രൂപ ഓഡിറ്റ് തീയതിയിലും ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. നൽകിയതും, ക്രമീകരിച്ചതുമായ മൊത്തം തുകയുടെ വിവരം മാത്രമാണ് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ആരിൽനിന്നാണ് മുൻകൂർ തുക പൂർണ്ണമായും ഈടാക്കാതിരുന്നതെന്ന് മനസ്സിലാക്കുന്നതിന് സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി, മുൻകൂർ ക്രമീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-32 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഇല്ല

മുൻകാല വാർഷിക പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത താഴെപറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | വർഷം | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | 129 | 2014-15 | വയ്യാറ്റുപുഴ ജംഗ്ഷനിലും സമീപ പ്രദേശങ്ങളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 106493 | കെ.എസ്.ഇ.ബി. |
| 2 | 130 | 2014-15 | ഡിപ്പോപ്പടി-ഫാക്ടറിപ്പടി റോഡ് സ്ട്രീറ്റ്മെയിൻ വലിക്കൽ | 185300 | കെ.എസ്.ഇ.ബി. |
| 3 | 132 | 2014-15 | ചെക്ക് ഡാം കൊടിതോപ്പ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 62000 | വാട്ടർ അതോറിറ്റി |
| 4 | 14 | 2015-16 | ഡിപ്പോപ്പടി-ഫാക്ടറിപ്പടി റോഡ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 49750 | കെ.എസ്.ഇ.ബി. |
| 5 | 15 | 2015-16 | വയ്യാറ്റുപുഴ ജംഗ്ഷനിലും സമീപ പ്രദേശങ്ങളിലും സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 55720 | കെ.എസ്.ഇ.ബി. |
| 6 | 192 | 2015-16 | കട്ടച്ചിറപട്ടികജാതി കോളനിയിലേക്കുള്ള റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 337924 | കെ.എസ്.ഇ.ബി. |

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നതിന് സാധിക്കുന്നില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും, പ്രവൃത്തികളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്തേണ്ടതുമാണ്. രജിസ്റ്റർ കൃത്യമാക്കി അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-33 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അപാകത

ഓഡിറ്റ് വർഷം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി, കേരള ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുകകൾ നൽകിയിട്ടുള്ളത് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ്. മാർഗ്ഗരേഖപ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് KWA/KSEB തയ്യാറാക്കി സാങ്കേതികാനുമതി നൽകിയതിനുശേഷം തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതും അതു പ്രകാരം തദ്ദേശഭരണ സ്ഥാപനം പ്രോജക്ട് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ ഭൂരിപക്ഷം പ്രവൃത്തികളുടെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും സാങ്കേതികാനുമതി വാങ്ങാതെയുമാണ് തുകകൾ ഡോപ്പോസിറ്റ് ചെയ്തിട്ടുള്ളത്. കൂടാതെ പ്രോജക്ടിന് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ KWA/KSEB-യുമായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ തദ്ദേശഭരണ സ്ഥാപനം കരാറിലേർപ്പെട്ടശേഷം മാത്രമേ മുൻകൂർ നൽകാൻ പാടുള്ളൂ. അതുപോലെതന്നെ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലവിതരണം നടത്താൻ ഉദ്ദേശിച്ച് തയ്യാറാക്കുന്ന പ്രോജക്ടുകളോടൊപ്പം വാട്ടർ അതോറിറ്റിയിൽനിന്നുള്ള അനുമതി പത്രം സമർപ്പിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും തന്നെ പാലിച്ചിട്ടില്ല. എല്ലാ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കുകയുമുണ്ടായില്ല.

സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനും, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾ സംയോജിപ്പിച്ച് പ്രോജക്ടുകൾ തയ്യാറാക്കിയതിനാൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള തുകകൾ തൻവർഷം ചെലവഴിക്കുന്നതിന് സാധിച്ചിട്ടില്ല. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വകയിരുത്തിയ 666339 രൂപ സ്പിൽ ഓവറാകുന്നതിന് ഇത് ഇടയാക്കി.

തൻവർഷം ഏറ്റെടുത്ത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 47/17* | കോതയാട്ടുപാറ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 42140 | സെക്രട്ടറി |
| 2 | 48/17* | പത്തരയേക്കർ കോളനിയിലേക്ക് സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 14988 | സെക്രട്ടറി |
| 3 | 49/17* | കട്ടച്ചിറ പട്ടികജാതി കോളനിയിലേക്ക് സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 58260 | സെക്രട്ടറി |
| 4 | 94/17 | മണക്കയം കുമരംകുന്ന് പട്ടികജാതി കോളനിയിലേക്ക് സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 65845 | സെക്രട്ടറി |

| | | | | |
|---|---|---|---|---|
| | | | | |
| 5 | 95/17* | നീലിപിലാവ് നീലിജ പട്ടികജാതി കോളനിയിലേക്ക് സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 59782 | സെക്രട്ടറി |
| 6 | 103/17 | വേളിമല കോളനിയിലേക്ക് സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (TSP) | 99820 | സെക്രട്ടറി |
| | 104/17** | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ഒറ്റതെങ്ങൽ പടി മോടിയിൽപടി (TSP) | 150000 | സെക്രട്ടറി |
| 7 | 107/17* | വില്ലുന്നി പാറ – മൺപിലാവ് റോഡിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 126306 | സെക്രട്ടറി |
| 8 | 108/17* | ഈട്ടിച്ചുവട് - നീലിപിലാവ് റോഡിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 126306 | സെക്രട്ടറി |
| 9 | 109/17* | മരുതോലിക്കൽപടി പാറയിൽപടി വരെ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 33270 | സെക്രട്ടറി |
| 10 | 110/17* | വയ്യാറ്റുപുഴ – കൊച്ചുകുളങ്ങരവാലി റോഡിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 194390 | സെക്രട്ടറി |

| | | | | |
|---|---|---|---|---|
| | | | | |
| | 204/17 | ചിറ്റാർ 86 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 242099 | സെക്രട്ടറി |
| 11 | 205/17* | വില്ലൂന്നിപ്പാറ മൺപിലാവ് സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 253153 | സെക്രട്ടറി |
| 12 | 206/17* | നീലിപിലാവ് സ്കൂൾ മുതൽ വനംവരെ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 90807 | സെക്രട്ടറി |
| 13 | 207/17** | നീലിപിലാവ് കാരക്കാട്ടുപടി കിഴക്കേക്കര റോഡിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 142099 | സെക്രട്ടറി |
| 14 | 208/17* | പടയണിപ്പാറ മൂലവാരപടി ഡാംസൈറ്റ് റോഡ് ആഷാ തോമസ് പുത്തൻ വീട്ടിൽപടി സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 92727 | സെക്രട്ടറി |
| 15 | 209/17* | പടയണിപ്പാറ കാരികയം കൊട്ടമൂടി തെക്കേക്കര റോഡിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 252000 | സെക്രട്ടറി |
| 16 | 211/17** | പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 565822 | സെക്രട്ടറി |
| 17 | 212/17* | ജില്ലാപഞ്ചായത്തുമായി സഹകരിച്ച് തെക്കേക്കരയിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 340389 | സെക്രട്ടറി |

| | | | | |
|---|---|---|---|---|
| | | | | |
| 18 | 213/17 | തെരുവ് വിളക്കിന് മീറ്റർ സ്ഥാപിക്കൽ | 296810 | സെക്രട്ടറി |
| 19 | 214/17 | ചിറ്റാർ 86 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (രണ്ടാംഘട്ടം) | 75000 | സെക്രട്ടറി |
| 20 | 218/17* | ചിറ്റാർ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | 1479405 | സെക്രട്ടറി |
| 21 | 219/17** | ബഞ്ചിമിൻപാറ കോതയാട്ടുപാറ – മന്ദംമുക്ക് ചാലുങ്കൽപടി സ്ട്രീറ്റ്മെയിൻ വലിക്കൽ (SCP) | 159915 | സെക്രട്ടറി |
| 22 | 6/17 | കട്ടച്ചിറ പട്ടികജാതി കോളനിയിലേക്കുള്ള റോഡിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 62390 | അസി.സെക്രട്ടറി |
| | | ആകെ | 5023723 | |

* ഫയൽ പരിശോധനയ്ക്ക് ലഭിച്ചില്ല

** എസ്റ്റിമേറ്റ് ഇല്ല

ഡെപ്പോസിറ്റ് തുകകൾ ഓൺലൈൻ ട്രാൻസ്ഫറായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ട്രഷറിയിൽനിന്നും നേരിട്ട് ക്രഡിറ്റ് ചെയ്തിരിക്കുകയാണ്. എന്നാൽ KWA/KSEB തുക കൈപ്പറ്റിയതിന് ഔദ്യോഗിക രസീതി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീതികൾ ലഭ്യമാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. കൈപ്പറ്റ് രസീതികൾ ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതൾ മുൻനിർത്തി ഡോപ്പോസിറ്റ് പ്രവൃത്തികൾക്ക് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കുകയും, പൂർത്തീകരണ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്ന മുറയ്ക്ക് തടസ്സവാദം തീർപ്പാക്കുന്നതാണ്.

## 3-34 പൂരക പോഷകാഹാരം-കേന്ദ്ര വിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരം പൂരക പോഷകാഹാര പദ്ധതിയ്ക്കായി നാളിതുവരെ ലഭിച്ചിട്ടുള്ള കേന്ദ്ര വിഹിതത്തിൽ 2016-17 സാമ്പത്തിക വർഷാവസാനം 557481രൂപ ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു. തനത് ഫണ്ടിലാണ് ഈ

തുക സൂക്ഷിച്ചിട്ടുള്ളത്. ഇപ്രകാരം ലഭിക്കുന്ന കേന്ദ്ര വിഹിതം ദേശസാൽകൃത ബാങ്കിൽ പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിനാൽ പ്രത്യേകാവശ്യത്തിനായി ലഭിച്ച കേന്ദ്ര ഫണ്ട് വകമാറ്റി ചെലവഴിക്കാനുള്ള സാദ്ധ്യത കൂടുതലാണ്.

കേന്ദ്രവിഹിതം ഇനത്തിൽ തനത് ഫണ്ടിൽ ഗണ്യമായ തുക അവശേഷിക്കുമ്പോഴും അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്ക് ഓഡിറ്റ് വർഷം 16.5 ലക്ഷം രൂപ വകയിരുത്തിയതിൽ 250000 ലക്ഷം രൂപ മാത്രമാണ് കേന്ദ്രവിഹിതമായി ഉൾപ്പെടുത്തിയത്. വകയിരുത്തിയ തുകയിൽ കേവലം 28679 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

തനത് ഫണ്ടിൽ അവശേഷിക്കുന്ന കേന്ദ്ര ഫണ്ടിന്റെ പലിശ പഞ്ചായത്ത് ഫണ്ടിലേക്കാണ് പോകുന്നത്. സർക്കാർ ഉത്തരവ് നം. 39033/ഡി.സി2/2010 ത.സ്വ.ഭാ.വ 03.09.2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്ര വിഹിതത്തിൽ ശേഷിക്കുന്ന തുക കെട്ടിടം, കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും വിനിയോഗിക്കാവുന്നതാണ്. ടി ഉത്തരവിലെ നിർദ്ദേശം പാലിച്ച് കേന്ദ്ര വിഹിതത്തിൽ ബാക്കി നിൽക്കുന്ന തുക പഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വിനിയോഗിക്കേണ്ടതും ഭാവിയിൽ ഇപ്രകാരം ലഭ്യമാകുന്ന കേന്ദ്ര വിഹിതം ദേശസാൽകൃത ബാങ്കിൽ പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി സൂക്ഷിക്കേണ്ടതുമാണ്.

## 3-35 ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തിക നില പരിതാപകരം

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില വളരെ മോശമായ സ്ഥിതിയിലാണ്. ഗ്രാമപഞ്ചായത്തിന്റെ നികുതി/നികുതിയേതര വരവുകൾ എസ്റ്റാബ്ലിഷ് മെന്റ്/അഡ്മിനിസ്റ്റ്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. പഞ്ചായത്തിന്റെ റവന്യൂ ചെലവിന്റെ 56.7ശതമാനം മാത്രമാണ് തനത് വരവ്. ജനറൽ പർപ്പസ് ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളവും, ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്. ഓഡിറ്റ് വർഷത്തെ തനത് വരവുകൾക്ക് ഉപരിയായ പ്രവർത്തന ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വരവ് ഇനം | തുക | ചെലവ് ഇനം | തുക |
|---|---|---|---|
| നികുതി വരവുകൾ | 3799381 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ | 7357195 |
| നികുതിയേതര വരവുകൾ | 1916354 | അഡ്മിനിസ്റ്റ്രേറ്റീവ് ചെലവുകൾ | 883596 |
| മറ്റ് വരവുകൾ | 83330 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 1964413 |
| | | മറ്റിനം ചെലവുകൾ | 7915 |
| ആകെ | 5799065 | | 10213119 |
| വരവിന് ഉപരിയായ പ്രവർത്തന ചെലവ് | | | -4414054 |

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും, ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. പാഴ്ചെലവുകൾ ഒഴിവാക്കുന്നതിനും (ഉദ: നീതിയുക്തമല്ലാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, കുടിവെള്ള കരം, ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗം മുതലായവ), എല്ലാ സ്രോതസ്സുകളും പൂർണ്ണമായി പ്രയോജനപ്പെടുത്തി പരമാവധി വിഭവം സാധ്യമായ മാർഗ്ഗങ്ങളിൽ നിന്നെല്ലാം സ്വരൂപിച്ച് പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

## 3-36 തുടർ സാക്ഷരതാ പ്രവർത്തനം നിലച്ചു

ഗ്രാമപ്പഞ്ചായത്തിൽ നിലവിൽ സാക്ഷരതാ പ്രവർത്തനം നിലച്ച സ്ഥിതിയാണ്. ജനവിദ്യാകേന്ദ്രങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. സമ്പൂർണ്ണ സാക്ഷരതയുടെ അടുത്ത പടിയായി ആരംഭിച്ച തുടർ വിദ്യാകേന്ദ്രങ്ങളുടെ അഭാവത്തിൽ പൊതുജനങ്ങൾക്ക് തുല്യതാ പഠനത്തിന് അവസരമില്ല.

നാലാംതരം, ഏഴാംതരം, പത്താംതരം, പന്ത്രണ്ടാംതരം തുല്യതാ ക്ലാസുകളുടെ നടത്തിപ്പും മേൽനോട്ടവും വഹിക്കുന്ന ജില്ലാ സാക്ഷരതാ മിഷനിൽനിന്ന് സാക്ഷരത പ്രവർത്തനത്തിനായി ഗ്രാമപ്പഞ്ചായത്തിനു ലഭിച്ചിരുന്ന പണം കൈകാര്യം ചെയ്യുന്നതിനായി ജില്ലാ സഹകരണ ബാങ്കിന്റെ ചിറ്റാർ ശാഖയിൽ ആരംഭിച്ച അക്കൌണ്ടിൽ നിലവില തുകയൊന്നും അവശേഷിക്കുന്നില്ല.

തുല്യതാ പരീക്ഷ എഴുതി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിച്ചേരാനാഗ്രഹിക്കുന്ന പ്രദേശവാസികൾക്ക് അതിനുള്ള അവസരം നിഷേധിക്കപ്പെട്ടിരിക്കുന്നു. നിലച്ചുപോയ തുടർ സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുന്നതിന് ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര നടപടി ഉണ്ടാകേണ്ടതാണ്.

## 3-37 സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം - പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിക്കുന്നില്ല

കൈമാറിക്കിട്ടിയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല. മൂന്ന് എൽ.പി.സ്കൂളുകളാണ് പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടുള്ളത്. ഗവ.എൽ.പി.എസ്, കുത്താട്ടുകുളം, ഗവ.എൽ.പി.എസ്, മൺപിലാവ്, ഗവ.എൽ.പി.എസ്, ചിറ്റാർ എസ്റ്റേറ്റ് എന്നിവയാണീ സ്കൂളുകൾ. ഗവ.എൽ.പി.എസ്, കുത്താട്ടുകളത്ത് 138 കുട്ടികളും, മൺപിലാവ് ഗവ.എൽ.പി.എസ്സിൽ 14 വിദ്യാർത്ഥികളും ചിറ്റാർ എസ്റ്റേറ്റ് ഗവ.എൽ.പി.എസ്സിൽ 41 വിദ്യാർത്ഥികളുമാണുള്ളത്. എല്ലാ സ്കൂളുകളിലും ടോയിലറ്റ് സൗകര്യം, പാചകപ്പുര, എന്നീ അടിസ്ഥാന സൗകര്യങ്ങളുണ്ടെങ്കിലും പലതും അടിന്തിര മെയിന്റനൻസാവശ്യമായ നിലയിലാണ്. ഗവ.എൽ.പി.എസ് മൺപിലാവിന്റെ ചുറ്റുമതിൽ പലഭാഗങ്ങളും ഇടിഞ്ഞുപോയ നിലയിലാണുള്ളത്. അതോടൊപ്പംതന്നെ ഈ സ്കൂളിന്റെ റൂഫിംഗ് ചോർച്ചയുള്ളതാണ്. ഓഫീസിനും അടിയന്തിരമായി മെയിന്റനൻസ് ആവശ്യമാണ്. സ്കൂളിൽ നിലവിൽ പൈപ്പ് കണക്ഷൻ ഇല്ല. 138 വിദ്യാർത്ഥികൾ പഠിക്കുന്ന കുത്താട്ടുകുളം ഗവ.എൽ.പി.എസ്സിലെ കെട്ടിട സൗകര്യങ്ങൾ അപര്യാപ്തമാണ്. നിലവിലെ കെട്ടിടങ്ങൾക്ക് മെയിന്റനൻസ് നടത്തേണ്ടതും പുതിയ ക്ലാസ്സ് റൂമുകൾ അടിയന്തിരമായി നിർമ്മിക്കേണ്ടതുമാണ്. എസ്സ്.എസ്സ്.എ പദ്ധതിയിലുൾപ്പെടുത്തി അഡിഷണൽ ക്ലാസ്സ് റൂമുകൾ നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നീക്കങ്ങൾ നടത്തേണ്ടതാണ്. ചിറ്റാർ എസ്റ്റേറ്റ് എൽ.പി.സ്കൂളിന്റെ കെട്ടിടങ്ങൾക്കും അടിന്തിര മെയിന്റനൻസ് ആവശ്യമാണ്. ഈ സ്കൂളുകളിലൊന്നും തന്നെ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങളില്ല. എല്ലാ സ്കൂളുകളിലും മുൻ വർഷങ്ങളിൽ വാങ്ങിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗശൂന്യമായ നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവ അടിന്തിരമായി ഉപയോഗ യോഗ്യമാക്കുകയോ അതിന് സാധിക്കാത്തപക്ഷം ലേലം ചെയ്ത് കയ്യൊഴിക്കുകയോ ചെയ്യേണ്ടതാണ്.

റോഡിതര മെയിന്റനസ് ഫണ്ട് ലഭിക്കുന്നത് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും അവയുടെ നിലവാരം ഉയർത്തുന്നതിനുതകുന്ന സാധനങ്ങളും സജ്ജീകരണങ്ങളും ഒരുക്കുന്നതിനു വേണ്ടിയാണ്. റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി ഒരു ആസ്തി സംരക്ഷണ പരിപാലന പദ്ധതി അഥവാ മെയിന്റനൻ പ്ലാൻ രൂപീകരിച്ച് ആസ്തികളുടെ സംരക്ഷണം ഉറപ്പാക്കേണ്ടതും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സേവനപ്രദാന സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടതുമാണ്. കൃത്യമായ ആസ്തി സംരക്ഷണ പ്ലാനിന്റെ അഭാവംമൂലം തൻ വർഷം ലഭിച്ച മെയിന്റനൻസ് ഫണ്ട് നോൺ റോഡിന്റെ 33ശതമാനം മാത്രമേ പഞ്ചായത്തിന് വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ.

പഞ്ചായത്ത് അധീനതയിലുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച് മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ പഞ്ചായത്ത് ഭരണസമിതി അടിയന്തിര ശ്രദ്ധപതിപ്പിക്കേണ്ടതും ഇവ പരിഹരിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ കൈക്കൊള്ളേണ്ടതുമാണ്.

## 3-38 കുടുംബശ്രീ മിഷനിൽനിന്നും ലഭിച്ച കാർഷിക ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല

ഗ്രാമപ്പഞ്ചായത്തിൽ കാർഷിക സഹായ കേന്ദ്രം ആരംഭിക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷനിൽനിന്നും 2013-14ൽ അൻപതിനായിരത്തോളം രൂപ വിലവരുന്ന കാർഷിക യന്ത്രോപകരണങ്ങൾ ലഭിച്ചിരുന്നു. ഇപ്രകാരം ലഭിച്ച ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി കാർഷിക സഹായകേന്ദ്രം ആരംഭിക്കുന്നതിനും കർഷകർക്ക് ന്യായമായ നിരക്കിൽ വാടകയ്ക്ക് നൽകി സി.ഡി.എസ്. ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുമായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ നാളിതുവരെ ഇപ്രകാരമൊരു കാർഷിക സഹായ കേന്ദ്രം ആരംഭിച്ചിട്ടില്ല. ലഭിച്ച ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | വില |
|---|---|---|---|---|
| 1 | Tree Pruner | 1 | 14500 | 14500 |
| 2 | Knapsack Sprayer 9 ltr | 3 | 4050 | 12150 |
| 3 | Mini Tiller 3HP | 1 | 18571 | 18571 |
| 4 | Little Sprayer 8 Litre | 1 | 790 | 790 |

| | | | | |
|---|---|---|---|---|
| 5 | Garden Rake | 1 | 160 | 160 |
| 6 | Manvetti | 2 | 380 | 760 |
| 7 | Koonthali | 2 | 416 | 832 |
| 8 | Pick Axe | 4 | 315 | 1260 |
| | TOTAL | | | 49023 |

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് വളരെയേറെ പ്രയോജനപ്പെട്ടമായിരുന്ന ഈ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് സി.ഡി.എസ്. അധികൃതരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ്. മിനി ടില്ലർ പ്രവർത്തിപ്പിക്കാനുള്ള പരിശീലനം സിദ്ധിച്ചവർ ഇല്ലാത്തതിനാലാണ് പ്രസ്തുത യന്ത്രം ഉപയോഗിക്കാൻ കഴിയാത്തതെന്ന് സി.ഡി.എസ് ചെയർപേഴ്സൺ അറിയിച്ചു. പരിശീലനം നൽകാനുള്ള സംവിധാനം ഏർപ്പെടുത്താൻ കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിനെ സമീപിക്കേണ്ടതും കുടുംബശ്രീ മിഷൻ വിഭാവനം ചെയ്തിരുന്നപോലെയുള്ള കാർഷിക സഹായ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-39 ഭവനനിർമ്മാണ പദ്ധതികൾ പാതിവഴിയിൽ

വിവിധ വർഷങ്ങളിലായി ഗ്രാമപ്പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതികൾ ഇനിയും പൂർത്തിയായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ/പ്രോജക്ടിന്റെ പേര് | പൂർത്തിയാക്കാൻ അവശേഷിക്കുന്നത് |
|---|---|
| ഇ.എം.എസ് ഭവന പദ്ധതി | 5 |
| ഐ.എ.വൈ പദ്ധതി | 47 |
| ഭവന നിർമ്മാണം (എസ്.സി.പി) - 2012-13 | 2 |
| ഭവന നിർമ്മാണം (എസ്.സി.പി) - 2015-16 | 1 |

പണി പൂർത്തീകരിക്കുവാൻ ബാക്കിനിൽക്കുന്ന ടി കെട്ടിടങ്ങളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-40 ഭവന പുനരുദ്ധാരണം - ഒരു ഗഡു കൈപ്പറ്റി - പണി പൂർത്തീകരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 'ഭവന പുനരുദ്ധാരണം' (പ്രോജക്ട് നം.69/2017) എന്ന പ്രോജക്ട് പ്രകാരം വീട് അറ്റകുറ്റപ്പണിക്ക് അഡ്വാൻസ് ആയി പതിനായിരം രൂപ കൈപ്പറ്റിയ മണിയമ്മ, കൊട്ടയ്ക്കാട്ട് പുത്തൻവീട്, കാരിക്കയം പി.ഒ എന്ന വ്യക്തി പണി പൂർത്തീകരിച്ച് രണ്ടാംഗഡു കൈപ്പറ്റിയില്ല (ബിൽ നം.07/2016-17, തീയതി 23.02.2017). ടി വീടിന്റെ അറ്റകുറ്റപ്പണി അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-41 പി.എം.എ.വൈ പദ്ധതി - എഗ്രിമെന്റ് വയ്ക്കാത്ത ഗുണഭോക്താവിനുവേണ്ടി

### പണം അടച്ചു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 'പി.എം.എ.വൈ വിഹിതം നൽകൽ' (പ്രോജക്ട് നം.S0066/2017) എന്ന പ്രോജക്ട് പ്രകാരം പത്ത് ഗുണഭോക്താക്കൾക്ക് ഗ്രാമപ്പഞ്ചായത്ത് വിഹിതമായി (ഒരാൾക്ക് ഇരുപതിനായിരം രൂപ ക്രമത്തിൽ) രണ്ട് ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഇവരിൽ ശ്രീ.വിജയനാചാരി, വടക്കേതിൽ, വയ്യാറ്റുപുഴ എന്നയാൾ നിർവ്വഹണ ഉദ്യോഗസ്ഥൻ മുമ്പാകെ എഗ്രിമെന്റ് വച്ചിട്ടില്ല. ആയതിനാൽ ടിയാൾക്കുവേണ്ടി അടച്ചിട്ടുള്ള തുക അടുത്ത വർഷത്തെ വിഹിതത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 3-42 ആശ്രയ പദ്ധതി

സമൂഹത്തിലെ അഗതികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ആവിഷ്കരിക്കപ്പെട്ട ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പിലായില്ല. ഗ്രാമപഞ്ചായത്തിൽ 2008-09 ൽ ആരംഭിച്ച ഒന്നാം ഘട്ട ആശ്രയ പദ്ധതി പൂർണ്ണമായും ഭക്ഷണ വിതരണത്തിൽ മാത്രമായി ഒതുങ്ങി. ഒന്നാംഘട്ടത്തിലെ 27.77 ലക്ഷം രൂപ രൂപയും രണ്ടാംഘട്ടത്തിലെ 415524രൂപയും ചെലവഴിക്കാതെ ബാങ്കിൽ അവശേഷിക്കുന്നു.

ഒന്നാം ഘട്ട ആശ്രയ പദ്ധതിയിൽ 12 കുടുംബങ്ങളും രണ്ടാം ഘട്ട പദ്ധതിയിൽ 90 കുടുംബങ്ങളുമാണുള്ളത്. വീട്, ഭൂമി, ഭക്ഷണം, കിണർ, കുടിവെള്ളം, കക്കൂസ്, ചികിൽസാ സഹായം എന്നിവ ആവശ്യമായ കുടുംബങ്ങളാണ് ഭൂരിഭാഗവും. എന്നാൽ ഭക്ഷണ വിതരണമൊഴിച്ച് മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. രണ്ട് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 50000 രൂപ വീതം 2009-10 ൽ നൽകിയിട്ടുണ്ട്. ഇ.എം.എസ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ആശ്രയ ഗുണഭോക്താക്കൾക്ക് വീട്, ഭൂമി എന്നിവ നൽകാൻ സർക്കാർ ഉത്തരവുണ്ടായിരുന്നിട്ടും ഒരു ഗുണഭോക്താവിന് പോലും ടി ആനുകൂല്യം നൽകിയിട്ടില്ല.

ഒന്നാംഘട്ടത്തിൽ 26.73 ലക്ഷം രൂപ അടങ്കലും രണ്ടാം ഘട്ടത്തിൽ 38.67ലക്ഷം രൂപയും വകയിരുത്തിയിരുന്നെങ്കിലും യഥാക്രമം 25.58 ലക്ഷവും 12.83ലക്ഷം രൂപയും മാത്രമാണ് ലഭ്യമായിട്ടുള്ളത്. പഞ്ചായത്ത് വിഹിതമായി വകയിരുത്തിയതിൽ നാമമാത്രമായ തുകയാണ് പദ്ധതിക്കായി പഞ്ചായത്ത് നൽകിയിട്ടുള്ളത്.

ആശ്രയ പദ്ധതിയുടെ ധനകാര്യ സ്രോതസ്സും ലഭിച്ച തുകയും ചുവടെ ചേർക്കുന്നു.

| ഇനം | ഒന്നാംഘട്ടം | | രണ്ടാംഘട്ടം | |
|---|---|---|---|---|
| | വകയിരുത്തിയത് | ലഭിച്ചത് | വകയിരുത്തിയത് | ലഭിച്ചത് |
| വികസനഫണ്ട് | 2340500 | 1058500 | 2566000 | 850000 |
| കുടുംബശ്രീ വിഹിതം | 333000 | 1500000 | 1301372 | 433790 |
| ആകെ | 2673500 | 2558500 | 3867372 | 1283790 |

## 3-43 ഫണ്ട് വിനിയോഗം - പദ്ധതിപ്പണം കൈകാര്യം ചെയ്യുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

ജനകീയാസൂത്രണത്തിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പഞ്ചായത്ത് കൃത്യമായി പാലിക്കുന്നില്ല. പദ്ധതികൾക്കുള്ള അലോട്ട്മെന്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകികഴിഞ്ഞാലുടൻ അത് ചെലവായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്ന രീതിയാണ് പഞ്ചായത്തിൽ അവലംബിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പ് പൂർത്തിയാക്കി യഥാർത്ഥത്തിലുള്ള ചെലവ് നടത്തുന്നതിനുമുമ്പ് ചെലവ് രേഖപ്പെടുത്തുന്നത് ഗുരുതരമായ പല അപാകതകൾക്കും ഇടവരുത്തുന്നു. ട്രഷറിയിൽനിന്ന് തുക പിൻവലിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുമതി നൽകിയാലുടനെ ചെലവ് രേഖപ്പെടുത്തുന്ന രീതി അവലംബിക്കരുതെന്നും പദ്ധതി നടപ്പിലാക്കി അതിന്റെ സ്റ്റേറ്റ്മെന്റ് നിശ്ചിത മാതൃകയിൽ (G.O.(P)No.177/06/Fin, dtd.12.04.06 – Annexure C-VIII) നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയതിനുശേഷം മാത്രമേ ചെലവ് രേഖപ്പെടുത്താവൂ എന്നും 24.12.2011ലെ 59995/AC2/2011/ത.സ്വ.ഭ.വ സർക്കുലറിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. ഈ സർക്കുലർ കർശനമായി പാലിക്കാതിരുന്നതാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ പണാപഹരണം നടത്തുന്നതിലേക്ക് വഴിതെളിച്ചത് എന്ന വസ്തുത ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (2016-17)

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 615000 | ക്ഷീരകർഷകർക്ക് പാലുല്പാദനത്തിന് ഇൻസെന്റീവ് | 506636 | 108364 |
| ജില്ലാ പഞ്ചായത്ത് | 348000 | തെക്കേക്കരയിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 340389 | 7611 |
| ജില്ലാ പഞ്ചായത്ത് | 252000 | പടയണിപ്പാറ കാരിക്കയം കൊട്ടമുടി തെക്കേക്കരയിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 252000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| KSEB | കോതയാട്ടുപാറ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 42140 | തുക ചെലവഴിച്ചില്ല |
| KSEB | പത്തരയേക്കർ കോളനിയിലേക്ക് സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 14988 | -ടി- |
| KSEB | കട്ടച്ചിറ പട്ടികജാതി കോളനിയിലേക്ക് സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 58260 | -ടി- |
| KSEB | മണക്കയം കമരംകുന്ന് പട്ടികജാതി കോളനിയിലേക്ക് സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 65845 | -ടി- |
| KSEB | നീലിപിലാവ് നീലിജ പട്ടികജാതി കോളനിയിലേക്ക് സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 59782 | -ടി- |
| KSEB | വേളിമല കോളനിയിലേക്ക് സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (TSP) | 99820 | -ടി- |
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ഒറ്റതെങ്ങൽ പടി മോടിയിൽപടി (TSP) | 150000 | -ടി- |
| KSEB | വില്ലൂന്നി പാറ – മൺപിലാവ് റോഡിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 126306 | -ടി- |
| KSEB | ഈട്ടിച്ചുവട് - നീലിപിലാവ് റോഡിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 126306 | -ടി- |

| | | | |
|---|---|---|---|
| KSEB | മരുതോലിക്കൽപടി പാറയിൽപടി വരെ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 33270 | -ടി- |
| KSEB | വയ്യാറ്റുപുഴ – കൊച്ചുകുളങ്ങരവാലി റോഡിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 194390 | -ടി- |
| KWA | ചിറ്റാർ 86 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 242099 | -ടി- |
| KSEB | വില്ലൂന്നിപ്പാറ മൺപിലാവ് സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 253153 | -ടി- |
| KSEB | നീലിപിലാവ് സ്കൂൾ മുതൽ വനംവരെ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 90807 | -ടി- |
| KSEB | നീലിപിലാവ് കാരക്കാട്ടുപടി കിഴക്കേക്കര റോഡിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 142099 | -ടി- |
| KSEB | പടയണിപ്പാറ മൂലവാരപടി ഡാംസൈറ്റ് റോഡ് ആഷാ തോമസ് പുത്തൻ വീട്ടിൽപടി സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 92727 | -ടി- |
| KSEB | പടയണിപ്പാറ കാരികയം കൊട്ടുമുടി തെക്കേക്കര റോഡിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 252000 | -ടി- |
| KSEB | പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 565822 | -ടി- |
| KSEB | ജില്ലാപഞ്ചായത്തുമായി സഹകരിച്ച് തെക്കേക്കരയിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 340389 | -ടി- |
| KSEB | തെരുവ് വിളക്കിന് മീറ്റർ സ്ഥാപിക്കൽ | 296810 | -ടി- |
| KWA | ചിറ്റാർ 86 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (രണ്ടാംഘട്ടം) | 75000 | -ടി- |
| KSEB | ചിറ്റാർ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | 1479405 | -ടി- |
| KSEB | ബഞ്ചിമിൻപാറ കോതയാട്ടുപാറ – മന്ദംമുക്ക് ചാലുങ്കൽപടി സ്ട്രീറ്റ്മെയിൻ വലിക്കൽ (SCP) | 159915 | -ടി- |
| KSEB | കട്ടച്ചിറ പട്ടികജാതി കോളനിയിലേക്കുള്ള റോഡിൽ സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SCP) | 62390 | -ടി- |
| PWD | മാർക്കറ്റ് വൈദ്യുതീകരണം | 100000 | -ടി- |

| | | | |
|---|---|---|---|
| PWD | പഞ്ചായത്ത് ഓഫീസും, കമ്മിറ്റി ഹാളും റീവയറിംഗ് | 165000 | -ടി- |
| PWD | അങ്കണവാടികളുടെ വൈദ്യുതീകരണം | 480000 | -ടി- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 (i) വായ്പ / വിനിയോഗം / വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2016-17 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാൻ അവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇല്ല | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല

ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 മുതൽ 2010-11 വരെ | 3-17 | 2014-15 | 4.1.4 | ഖരമാലിന്യ സംസ്കരണ കേന്ദ്രം നിർമ്മിച്ചതിലെ അപാകത | നാളിതുവരെ പൂർത്തിയായിട്ടില്ല. |
| 2011-12 മുതൽ 2012-13വരെ | 3-14(iii) | 2014-15 | 4.1.5 | തയ്യൽ പരിശീലനത്തിന് വാങ്ങിയ തയ്യൽ മെഷീനുകൾ ഉപയോഗിക്കാത്തത് സംബന്ധിച്ച് | തയ്യൽ പരിശീലന യൂണിറ്റ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു |
| 2011-12 മുതൽ 2012-13വരെ | 3-14(i) | 2014-15 | 4.1.6 | ശബരിമല ഇടത്താവളത്തിന്റെ ജീർണ്ണാവസ്ഥ സംബന്ധിച്ച് | ഇടത്താവളം ഉപയോഗ യോഗ്യമാക്കി പരിപാലിച്ചിട്ടുണ്ട്. |
| 2004-05 | 3-14(ii) | 2014-15 | 4.1.15 | പട്ടികജാതി കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിനായി വാങ്ങിയ കമ്പ്യൂട്ടറുകൾ ഉപയോഗ ശൂന്യമായത് സംബന്ധിച്ച് | പദ്ധതി വിജിലൻസ് അന്വേഷണത്തിലാണ്. |

ഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 മുതൽ 2010-11 വരെ | 3-17 | 2014-15 | 4.1.4 | ഖരമാലിന്യ സംസ്കരണ കേന്ദ്രം നിർമ്മിച്ചതിലെ അപാകത | നാളിതുവരെ പൂർത്തിയായിട്ടില്ല. |
| 2011-12 മുതൽ 2012-13വരെ | 3-14(iii) | 2014-15 | 4.1.5 | തയ്യൽ പരിശീലനത്തിന് വാങ്ങിയ തയ്യൽ മെഷീനുകൾ ഉപയോഗിക്കാത്തത് സംബന്ധിച്ച് | തയ്യൽ പരിശീലന യൂണിറ്റ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു |
| 2011-12 മുതൽ 2012-13വരെ | 3-14(i) | 2014-15 | 4.1.6 | ശബരിമല ഇടത്താവളത്തിന്റെ ജീർണ്ണാവസ്ഥ സംബന്ധിച്ച് | ഇടത്താവളം ഉപയോഗ യോഗ്യമാക്കി പരിപാലിച്ചിട്ടുണ്ട്. |
| 2004-05 | 3-14(ii) | 2014-15 | 4.1.15 | പട്ടികജാതി കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിനായി വാങ്ങിയ | പദ്ധതി വിജിലൻസ് അന്വേഷണത്തിലാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | കമ്പ്യൂട്ടറുകൾ ഉപയോഗ ശൂന്യമായത് സംബന്ധിച്ച് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51942687 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44795664 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 131741 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6486222 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 78062 | ശ്രീ.പി.സി.രാഘവൻ, അസി.എഞ്ചിനീയർ<br>ശ്രീമതി ലത എം.എസ്., അസി.എക്സി.എഞ്ചിനീയർ<br>(തുല്യമായി) |
| 3-9 | 25000 | ശ്രീമതി പ്രസന്നകുമാരി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-17 | 28679 | ശ്രീമതി പ്രസന്നകുമാരി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 131741 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 200000 | ശ്രീ.ചന്ദ്രൻ സി.കെ, ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്., കുത്താട്ടുകുളം |

| | | |
|---|---|---|
| | | |
| 3-3 (I to viii) | 176459 | ശ്രീ. കെ.സി.സുരേഷ്കുമാർ, സെക്രട്ടറി |
| 3-3 (ix to xviii) | 134070 | ശ്രീ. ബി.ബിനുരാജ്, അസി.സെക്രട്ടറി |
| 3-3 (xix to xx) | 8830 | ശ്രീ. ഡി.ബാലചന്ദ്രൻ, സെക്രട്ടറി |
| 3-4 | 15000 | ശ്രീ. ഡി.ബാലചന്ദ്രൻ, സെക്രട്ടറി |
| 3-5 | 425698 | ശ്രീ. പി.സി.രാഘവൻ, അസി.എഞ്ചിനീയർ |
| 3-10 | 25000 | ശ്രീമതി പ്രസന്നകുമാരി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-14 | 478442 | ശ്രീ. പി.സി.രാഘവൻ, അസി.എഞ്ചിനീയർ |
| 3-33 | 5023723 | ശ്രീ.ഡി.ബാലചന്ദ്രൻ, സെക്രട്ടറി |
| ആകെ | 6487222 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | ഇനം | തുക |
|---|---|---|
| 3-6 | VAT | 188733 |
| 3-15 | VAT | 55961 |
| | IT | 11193 |
| | KCWWF | 11193 |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ: 3-1

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ചന്ദ്രൻ സി.കെ, | ഹെഡ്മാസ്റ്റർ, | ചന്ദ്രവിലാസം, |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ഗവ.എൽ.പി.എസ്., കുത്താട്ടുകുളം, ചിറ്റാർ | എഴുമറ്റൂർ പി.ഒ, മല്ലപ്പള്ളി |
| ശ്രീ.ഡി.ബാലചന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി, ചിറ്റാർ ഗ്രാമപഞ്ചായത്ത് | ആനന്ദവിലാസം, ചിതറ, അയിരക്കുഴി പി.ഒ, കൊല്ലം |
| ശ്രീ.പി.സി.രാഘവൻ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, ചിറ്റാർ ഗ്രാമപഞ്ചായത്ത് | വൈകുണ്ഠം, പുത്തൻപാലം പി.ഒ, ഐവർകാല, കൊല്ലം |
| ശ്രീമതി ലത എം.എസ്.<br>അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ<br>റാന്നി ബ്ലോക്ക് പഞ്ചായത്ത് | മാരോട്ട് തെക്കേവീട്ടിൽ<br>പുതുശ്ശേരി പി.ഒ.<br>തിരുവല്ല |
| ശ്രീമതി പ്രസന്നകുമാരി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചിറ്റാർ ഗ്രാമപഞ്ചായത്ത് | ഉന്നത്തണ്ണിപ്പറമ്പിൽ, വാളക്കുഴി, വെണ്ണിക്കുളം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | നം.എൽ.എഫ്.പി.റ്റി.എ.പി.3/8/2000, തീ. 06.07.2000 |
| 1997-98 | നം.എൽ.എഫ്.പി.റ്റി.എ.പി.4/974/04/07, തീ. 13.06.08 |
| 1998-99 | നം.എൽ.എഫ്.പി.റ്റി.എ.പി.3/975/07, തീ.13.06.08 |
| 1999-00 (വരവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.3/976/07, തീ.10.07.08 |
| 1999-00 (ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.3/37/02, തീ.31.05.02 |
| 2000-01 (വരവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/977/07, തീ.10.07.08 |
| 2000-01 (ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/384/03, തീ.16.12.03 |
| 2001-02 (ഡി.സി.ബി.) | നംഎൽ.എഫ്.പി.റ്റി.എ.പി.4/978/07, തീ.10.07.08 |
| 2001-02 (ജ.ആ.) | നംഎൽ.എഫ്.പി.റ്റി.എ.പി.4/523/04, തീ.06.01.05 |
| 2001-02 (ചെലവ്) | നംഎൽ.എഫ്.പി.റ്റി.എ.പി.4/576/06, തീ.15.10.06 |
| 2002-03 | നം.എൽ.എഫ്.പി.റ്റി.എ.പി.4/113/08, തീ.4.11.08 |
| 2003-04 | നം.എൽ.എഫ്.പി.റ്റി.എ.പി.5/705/08, തീ.12.05.09 |
| 2004-05 | നം.എൽ.എഫ്.പി.റ്റി.എ.പി.5/744/08, തീ.31.07.09 |

| | |
|---|---|
| 2005-06 | നം.എൽ.എഫ്.പി.റ്റി.എ.പി.8/840/11, തീ.7.12.11 |
| 2006-07 | നം.എൽ.എഫ്.പി.റ്റി.എ.പി.8/841/11, തീ. 7.12.11 |
| 2007-08 മുതൽ 2010-11 വരെ | നം.എൽ.എഫ്.പി.റ്റി.എ.പി.6/420/11, തീ.12.03.13 |
| 2011-12 മുതൽ 2012-13 വരെ | നം.എൽ.എഫ്.പി.റ്റി.എ. പി.6/779/14, തീ.20.11.14 |
| 2013-14 മുതൽ 2014-15 വരെ | നം.കെ.എസ്.എ.പി.റ്റി.എ.പി12/183/2016, തീ. 23-03-2016 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി12/1284A/2016, തീ. 03.12.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure – 1

# AUDIT CERTIFICATE

No.KSAPTA-P3-1094/2017 Dated 10/10/2017

Certified that I have examined the Annual Financial Statement of Chittar Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chittar Grama Panchayat for the year 2016-17, except the obeservations in my report, properly presents the picture of income and expenditure.

Habeeb Mohammed
Deputy Director

Kerala State Audit Department

Pathanamthitta

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

അനുബന്ധം-1

നം.കെ.എസ്.എ.പി.റ്റി.എ.പി3 - 1094/2017 തീയ്യതി : 10.10.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട